# ഭഷണീ

പ്രാർത്ഥന

ലാളിത്യം സ്നേഹം സേവനം

ലക്കം 1 ✶ മാർച്ച് 2020 ✶ പുസ്തകം 139



# എഡിറ്റോറിയൽ

നാം വലിയ നോമ്പിലൂടെ പ്രയാണം ചെയ്ത് നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവവും, കുരിശുമരണവും, ഉത്ഥാനവും, സജീവമായി ആചരിച്ച് പ്രാർത്ഥനയുടെയും, അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും വഴികളിലൂടെ യാത്ര ചെയ്യുകയായിരുന്നല്ലോ. ഈ വർഷത്തെ നമ്മുടെ നോമ്പുകാലവും ഹാശാ ആഴ്ചയും ഉയിർപ്പ് തിരുനാളും വ്യത്യസ്തമായ രീതിയിലാണ് നാം ആഘോഷിച്ചത്. നമ്മുടെ ദൈവാലയങ്ങൾ ഒഴിഞ്ഞുകിടക്കുന്നു. നമ്മുടെ വിശ്വാസികൾ കുടുംബങ്ങളിൽ സോഷ്യൽ മീഡിയയിലൂടെ വിശുദ്ധ കുർബ്ബാനയിലും നോമ്പിന്റെ തിരുകർമ്മങ്ങളിലും പങ്കുകൊണ്ടു. മിക്കവാറും നമ്മുടെ മഠങ്ങളിൽ വിശുദ്ധ കുർബാനയും മറ്റു ശുശ്രൂഷകളും ദൈവാനുഗ്രഹത്താൽ നമുക്ക് ലഭിച്ചു. ഇനിയും അനേകം വെല്ലുവിളികൾ, സഹനങ്ങൾ നമ്മേ കാത്തിരിപ്പുണ്ട്. നമ്മുടെ സഹനവഴികളെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അരൂപിയിൽ സ്വീകരിക്കുവാനുള്ള കൃപയ്ക്കായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

'കീരിടം' എന്ന ലത്തീൻ ഭാഷയിൽ അർത്ഥമുള്ള കൊറോണോയിൽ നിന്നാണ് ഈ വൈറസിന് കൊറോണാ വൈറസ് എന്ന പേര് വന്നത്. 1965-ൽ Tyrell and Bynoe എന്നീ ശാസ്ത്രജ്ഞന്മാർ, അതിതീവ്രമായ ജലദോഷബാധയാൽ മരിച്ച ഒരു രോഗിയുടെ കോശത്തിലാണ് ഈ വൈറസിന്റെ സാന്നിദ്ധ്യം ആദ്യമായി കണ്ടെത്തിയത് പിന്നീട് ചുരുക്കം ചില കേസുകൾ കുട്ടികളിൽ ഒക്കെ റിപ്പോർട്ട് ചെയ്തു എങ്കിലും, ഈ വൈറസിന്റെ മാരകമായ താണ്ഡവം ഈക്കഴിഞ്ഞ (2019) ഡിസംബർ മാസത്തോടെ ചൈനയിലെ വുഹാൻ എന്ന സ്ഥലത്താണ് സ്ഥിരീകരിക്കപ്പെട്ടത്. തുടർന്ന് ലോകത്തെ മുഴുവൻ ഭീതിയുടെ മുൾമുനയിൽ നിർത്തി ലോകത്തിലെ എല്ലാ രാജ്യങ്ങളുടെയും മേൽ ഇത് ഗ്രസിക്കപ്പെട്ടിരിക്കുന്നു. ഇന്ന് ഇത് എഴുതുമ്പോൾ (23-04-2020) 1,81,422-ൽപ്പരം ആളുകൾ മരണപ്പെടുകയും, ലക്ഷക്കണക്കിനാളുകൾ രോഗത്തിന്റെ കരാളഹസ്തത്തിൽ അമരുകയും ചെയ്തു കഴിഞ്ഞു. രാഷ്ട്രങ്ങളും, നേതാക്കളും, ആരോഗ്യ പ്രവർത്തകരും രാപകലെന്യേ ഈ മഹാവിപത്തിനെതിരെ പ്രതിരോധ മറ സജ്ജമാക്കുന്നു. എങ്കിലും സർവ്വശക്തനായ ദൈവം കരുണ തോന്നി ഈ പകർച്ചവ്യാധിയെ സമൂലമായി ബഹിഷ്കരിച്ചെങ്കിൽ മാത്രമേ നമുക്ക് ഇതിൽ നിന്നും മോചനമുള്ളൂ. ഇറ്റലി, ജർമ്മനി തുടങ്ങിയ സ്ഥലങ്ങളിലുള്ള നമ്മുടെ സിസ്റ്റേഴ്സ് വളരെ പ്രയാസത്തിലാണിപ്പോൾ. ഇവർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലുള്ളവർക്ക് കൊറോണാ വൈറസ് രോഗം സ്ഥിരീകരിച്ചു കഴിഞ്ഞു. നമുക്ക് ദൈവസന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിക്കാം. 'ചോദിപ്പിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്ക് തുറക്കപ്പെടും' എന്നരുളിച്ചെയ്തവൻ തന്റെ വാഗ്ദാനം പാലിക്കാതിരിക്കില്ലല്ലോ. കരുണയുടെ ആ ഭണ്ഡാരത്തിൽ രാപകൽ നമുക്ക് കണ്ണീരോടും,



അനുതാപത്തോടെയും മുട്ടിവിളിക്കാം. അവിടുന്ന് ഉത്തരമരുളുക തന്നെ ചെയ്യും. വിശ്വാസത്തോടും, സ്നേഹത്തോടും പ്രതീക്ഷയോടും നമുക്ക് ആയിരിക്കാം. നിസ്സഹായനായ മനുഷ്യന്റെ നിലവിളിയുടെ മുൻപിൽ കൈകൾ നീട്ടുന്ന കർത്താവിന്റെ കരുണ സ്വീകരിക്കാനുള്ള അവസരം കൂടിയാണ് ഇത്.

അതുപോലെ ഗവൺമെന്റും, നമ്മുടെ ആരോഗ്യപ്രവർത്തകരും, സഭാധികാരികളും നല്കുന്ന നിർദ്ദേശങ്ങൾ അവഗണിക്കാതെയും, നിസ്സാരവല്ക്കരിക്കാതെയും ഇരിക്കാം. വളരെ ആത്മസംയമനത്തോടെയും, അച്ചടക്കത്തോടെയും, ഉത്തരവാദിത്വത്തോടെയും സ്വയബോദ്ധ്യത്തോടെയും ഈ മഹാവിപത്തിനെ നേരിടാം. പ്രഭാഷകൻ 35:1-2 പറയുംപോലെ "നിയമം പാലിക്കുന്നത് നിരവധി ബലികൾ അർപ്പിക്കുന്നതിന് തുല്യമാണ്" കല്പനകൾ അനുസരിക്കുന്നത് സമാധാനബലിക്ക് തുല്യവും.

നമ്മുടെ ഭവനങ്ങളിൽ പ്രാർത്ഥനയുടെയും, അനുതാപത്തിന്റെയും, ദൈവകരുണയുടേയും അന്തരീക്ഷം നമുക്ക് സംജാതമാക്കാം. ഹൃദയം കൊണ്ട് അവിടുത്തോടുകൂടിയായിരിക്കാം. കരുണക്കൊന്ത, വസന്തകാല പ്രാർത്ഥന, കെ.സി.ബി.സി. നല്കിയിരിക്കുന്ന പ്രാർത്ഥന, ജപമാല, വി. കുർബാനയുടെ ആരാധന ഇവയൊക്കെ നമുക്ക് അർപ്പിച്ച് ദൈവകരുണ തേടാം പരി. മാതാവിന്റെ വിമല ഹൃദയത്തിൽ ഈ ലോകത്തെ മുഴുവനുമായി സമർപ്പിക്കാം. പരി. ഫ്രാൻസിസ് മാർപ്പാപ്പ പ്രാർത്ഥിക്കുംപോലെ, കർത്താവിന്റെ തിരുരക്തത്താൽ നമുക്ക് ശരീരത്തെ അണുബാധയിൽ നിന്നും വിമുക്തമാക്കാം.

നമ്മുടെ പ്രിയപ്പെട്ട മദർ ജനറലും തിരുവനന്തപുരത്തെ മദർ പ്രൊവിൻഷ്യൽ മദർ ഡമഷീനും അമേരിക്കയിൽ ന്യൂയോർക്കിലാണ്. അമേരിക്കയിലുള്ള നമ്മുടെ സിസ്റ്റേഴ്സും കോവിഡ് ബാധിതരായവരുടെ ശുശ്രൂഷയിൽ രാപകലേന്യേ വ്യാപൃതരായിരിക്കുന്നു. വിദേശത്തായിരിക്കുന്ന മദേഴ്സിന്റെ അനുഗ്രഹപൂർണ്ണമായ തിരിച്ചുവരവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണെ. അതുപോലെ ഇറ്റലി, റോം, ജർമ്മനി, അമേരിക്ക, എത്യോപ്യാ, സൗത്താഫ്രിക്കാ, നോർത്ത് ഇൻഡ്യയിൽ പലയിടത്തും ആയിരിക്കുന്ന നമ്മുടെ സിസ്റ്റേഴ്സ് ആത്മധൈര്യത്തോടെയും ആരോഗ്യത്തോടെയും ദൈവ-മനുഷ്യശുശ്രൂഷ ചെയ്യാനുള്ള കരുത്ത് നമ്മുടെ പ്രാർത്ഥന വഴിയായി നമുക്ക് അവർക്ക് നേടിക്കൊടുക്കാം.

കൊറോണായുടെ ദുരിതം അനുഭവിക്കുന്ന എല്ലാ രാജ്യങ്ങൾക്കായും, ജനതകൾക്കായും, ഇക്കാലയളവിൽ മരണമടഞ്ഞ നമ്മുടെ സിസ്റ്റേഴ്സ്, അതുപോലെ മറ്റു പ്രിയപ്പെട്ടവർ എന്നിവർക്കായും പ്രത്യേകം പ്രാർത്ഥിക്കാം. ദൈവകരുണ നമ്മുടെ മേലും അവരുടെ മേലും സമൃദ്ധമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

ഒത്തിരി സ്നേഹത്തോടെ,

**സി. ഡോ.ആർദ്ര എസ്.ഐ.സി**
അസ്സി. ജനറൽ

# വാർത്തകൾ

## ജനറലേറ്റ്

### ഫീസ്റ്റ് ആഘോഷം

അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ നാമഹേതുകത്തിരുനാളിനോടനുബന്ധിച്ച് പട്ടം കത്തീഡ്രലിൽ അർപ്പിച്ച വിശുദ്ധ കുർബാനയിലും മറ്റും മദറും ബഹു. മദറും സിസ്റ്റർ തേജസും സംബന്ധിക്കുകയും പിതാവിനെ കണ്ട് ആശംസകൾ അറിയിക്കുകയും ചെയ്തു.

അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നാമഹേതുകത്തിരുനാളും നവതിയും ഒന്നിച്ച് ആഘോഷിച്ച അവസരത്തിൽ ബഹു. മദറും സിസ്റ്റർ ആർദ്രയും പിതാവിനെ കണ്ട് ആശംസകളും പ്രാർത്ഥനകളും നേരുകയും ജനുവരി 29 ന് മാവേലിക്കരയിൽ നടന്ന തിരുനാൾ കുർബാനയിലും അനുബന്ധ പരിപാടികളിലും സിസ്റ്റർ ആശിഷ് സംബന്ധിക്കുകയും ചെയ്തു.

ജനുവരി 28 ഫീസ്റ്റ് ദിനമായി സ്വീകരിച്ചിട്ടുള്ള സിസ്റ്റർ ആർദ്രയുടെ ഫീസ്റ്റ് സൗകര്യാർത്ഥം 27-ാം തീയതി ഇവിടെ ആഘോഷിച്ചു. അന്നേ ദിവസത്തെ വിശുദ്ധ കുർബാന സിസ്റ്ററിനുവേണ്ടി അർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

### പൂനാ രൂപത

പുതുതായി രൂപം കൊണ്ട പൂനാ രൂപതയുടെ ഉത്ഘാടനത്തിൽ ജനുവരി 14-ാം തീയതി മദറും സിസ്റ്റർ ആശിഷും സംബന്ധിച്ചു.

### കൃതജ്ഞതാബലി

കിഡ്നി മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായ, പത്തനംതിട്ട രൂപതാ വൈദികൻ ബഹു. റോബിൻ മനയ്ക്കലേട്ട് അച്ചനും



കിഡ്നി ദാനം ചെയ്ത ബഹു. ഫീലിപ്പോസ് അച്ചനും എല്ലാവരുടെയും പ്രാർത്ഥനയ്ക്ക് നന്ദി സൂചകമായി ഇവിടെയെത്തി കൃതജ്ഞതാബലി അർപ്പിച്ചു.

### ചരമവാർഷികം

1930 സെപ്റ്റംബർ 20-ലെ പുനരൈക്യം എന്ന ചരിത്ര സംഭവത്തിലെ നിർണ്ണായക കണ്ണിയായിരുന്ന ബഹു. ജോൺ കുഴിനാപ്പുറത്ത് OIC അച്ചന്റെ 25-ാം ചരമ വാർഷിക ദിനത്തിൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ നടന്ന അനുസ്മരണാ പരിപാടികളിൽ സിസ്റ്റർ ആർദ്ര സംബന്ധിക്കുകയും അച്ചനെപ്പറ്റിയുള്ള സിസ്റ്ററിന്റെ ഓർമകൾ പങ്കുവയ്ക്കുകയും ചെയ്തു.

വാഗമൺ-കുരിശുമല വന്ദ്യ ഫ്രാൻസിസ് ആചാര്യയുടെ ചരമ വാർഷിക ദിനത്തിൽ അഭിവന്ദ്യ കൂറിലോസ് പിതാവ് അവിടെ അർപ്പിച്ച ദിവ്യബലിയിൽ സിസ്റ്റർ ശാന്തി, സിസ്റ്റർ ആശിഷ്, സിസ്റ്റർ ജൂഡിറ്റ് എന്നിവർ സംബന്ധിച്ചു.

### സ്ക്കൂൾ വാർഷികം

നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം സ്ക്കൂളിന്റെ വാർഷികാഘോഷവും നവതി ഉത്ഘാടനവും മദർ ലിറ്റിൽ ഫ്ളവറിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ചന്ദനപ്പള്ളി CBSE സ്ക്കൂളിന്റെ വാർഷികത്തിലും മദർ ആദ്ധ്യക്ഷം വഹിച്ചു. ചെങ്ങരൂർ സ്ക്കൂളിന്റെ വാർഷികത്തിലും ചെങ്ങന്നൂർ സെന്റ് ആൻസ് സ്ക്കൂളിന്റെ പ്ലാറ്റിനം ജൂബിലി മീറ്റിംഗിലും മദർ സംബന്ധിക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ചിങ്ങവനം മലങ്കര കത്തോലിക്കാപള്ളിയിൽ സണ്ടേ സ്ക്കൂൾ വാർഷിക സമ്മേളനത്തിൽ മദർ മുഖ്യപ്രഭാഷണം നടത്തി.

കായംകുളം CBSE സ്ക്കൂൾ, കന്യാകുമാരി സ്ക്കൂൾ, മണർകാട് ഇൻഫന്റ് ജീസസ് സ്ക്കൂൾ എന്നിവിടങ്ങളിൽ സ്ക്കൂൾ വാർഷികം സിസ്റ്റർ ആർദ്രയുടെ അദ്ധ്യക്ഷതയിൽ നടന്നു. കരിമ്പ ബഥനി സ്ക്കൂൾ വാർഷികത്തോടനുബന്ധിച്ചു നടന്ന കിഡ്സ് ഡേ, ക്ലബ് ഫിയസ്റ്റാ എന്നീ സംഗമങ്ങളിൽ സിസ്റ്റർ ആർദ്ര മുഖ്യ അതിഥി ആയിരുന്നു.

വെണ്ണിക്കുളം UP സ്ക്കൂളിന്റെ വാർഷിക മീറ്റിംഗിൽ സിസ്റ്റർ തേജസ് ആദ്ധ്യക്ഷം വഹിച്ചു.

## നവതി ആഘോഷം

ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ നവതി ആഘോഷത്തിൽ സിസ്റ്റർ ആർദ്ര, സി. ശാന്തി, സി. വിനീത എന്നിവർ പങ്കെടുത്തു.

## മലങ്കര കത്തോലിക്ക സഭാ സിനഡ്

പട്ടം കാതോലിക്കേറ്റിൽ വച്ച് മാർച്ച് 4 -ന് സഭാ സിനഡുമായി ബന്ധപ്പെട്ടു നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ മദർ ജനറൽ സംബന്ധിക്കുകയും മിഷൻ, വൊക്കേഷൻ, ഇവയെ സംബന്ധിച്ച സമൂഹത്തിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

വൊക്കേഷനെ സംബന്ധിച്ച സിനഡൽ കമ്മീഷൻ സെക്രട്ടറി എന്ന നിലയിൽ 3-ാം തീയതി നടന്ന മീറ്റിംഗിൽ സിസ്റ്റർ ആർദ്ര പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

## കോട്ടയം കൺവെൻഷൻ

നാഗമ്പടം സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ ഫെബ്രുവരി ആദ്യം നടന്ന 5 ദിവസത്തെ ബൈബിൾ കൺവെൻഷനിൽ സിസ്റ്റേഴ്സും പോസ്റ്റുലൻസും സംബന്ധിച്ചു.

## റമ്പാൻ പട്ടം

തിരുവല്ല അതിരൂപതാംഗം ബഹു. ഏബ്രഹാം കരിമ്പനാമണ്ണിൽ അച്ചന്റെ റമ്പാൻപട്ട ശുശ്രൂഷകളിൽ സിസ്റ്റർ ആർദ്ര, സിസ്റ്റർ ശാന്തി, സിസ്റ്റർ ജൂഡിറ്റ് എന്നിവർ സംബന്ധിച്ചു.

## മീറ്റിംഗുകൾ

ഫെബ്രുവരി 20-ന് POC -ൽ വച്ചു നടന്ന KTA യുടെ മീറ്റിംഗിൽ സിസ്റ്റർ ആർദ്ര പങ്കെടുത്തു.

ഡിസംബർ 13,14 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ചു നടന്ന സഭാതല വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗിന് സെക്രട്ടറി സിസ്റ്റർ ആർദ്ര നേതൃത്വം നൽകി. നമ്മുടെ പ്രോവിൻസുകളിൽ നിന്നും അതുമായി ബന്ധപ്പെട്ട സിസ്റ്റേഴ്സ് പങ്കെടുത്തു.

കോട്ടയം CRI മീറ്റിംഗിൽ സിസ്റ്റർ തേജസ്, സി. ജൂഡിറ്റ്, സി. ശാശ്വത എന്നിവർ സംബന്ധിച്ചു.



പ്രേഷിത വർഷത്തിലെ പ്രവർത്തനങ്ങളെ ഏകീകരിക്കാനും പ്രവർത്തന രേഖയുടെ പഠനത്തിനുമായി ജനുവരി 17,18 തീയതികളിൽ POC -ൽ നടന്ന മീറ്റിംഗിൽ സിസ്റ്റർ ശാന്തി സംബന്ധിച്ചു.

പുനരൈക്യ നവതി ആഘോഷവുമായി ബന്ധപ്പെട്ട് മാവേലിക്കര ഭദ്രാസനത്തിൽ നടത്തിയ മീറ്റിംഗിൽ സിസ്റ്റർ ആർദ്ര പങ്കെടുത്തു.

ആലുവ ചുണങ്ങംവേലി ' നിവേദിത '-ൽ formators ന്റെ മീറ്റിംഗിൽ സിസ്റ്റർ ശാശ്വത പങ്കെടുത്തു.

## സന്ദർശനം

സിസ്റ്റർ തേജസ്, ബത്തേരിയിലെ മദർ പരിമളയുമൊത്ത് എത്യോപ്യയിലെ നമ്മുടെ സിസ്റ്റേഴ്സിനെ സന്ദർശിച്ച് തിരിച്ചെത്തി.

## പിക്നിക്

Postulants ന്റെ one day picnic ബഹു. മദറിന്റെ നേതൃത്വത്തിൽ നടത്തി. വിശുദ്ധ എവുപ്രാസ്യാമ്മയുടെ കബറിടം, ജറുസലേം റിട്രീറ്റ് സെന്റർ, തൃശൂർ മ്യൂസിയം മുതലായ സ്ഥലങ്ങൾ സന്ദർശിച്ച ശേഷം മലമ്പുഴ ഡാമിലും പോയി തിരിച്ചെത്തി.

## പ്രി- നോവിസ്സസ്

2019 ജൂൺ മുതൽ ഇവിടെയായിരുന്ന പ്രി-നോവിസ്സസ് 10 പേരും അവരുടെ ഇവിടുത്തെ പരിശീലനം പൂർത്തിയാക്കി മാർച്ച് 16-ാം തീയതി അവരവരുടെ പ്രോവിൻസുകളിലേക്ക് തിരിച്ചുപോയി. അവരുടെ മിസ്ട്രസ് ആയിരുന്ന സിസ്റ്റർ ശാശ്വതയും ബത്തേരിയിലേക്ക് പോയി. സിസ്റ്റർ ഇവിടെയായിരുന്നുകൊണ്ട് ത്യാഗപൂർവം നിർവ്വഹിച്ച എല്ലാ പ്രവർത്തനങ്ങൾക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

## അഭിനന്ദനങ്ങൾ

ഇഗ്നൗ യൂണിവേഴ്സിറ്റിയിൽനിന്നും ഫിലോസഫിയിൽ എം എ ബിരുദം ഫസ്റ്റ് ക്ലാസ്സിൽ പാസ്സായ സിസ്റ്റർ ആർദ്രയ്ക്ക് അഭിനന്ദനങ്ങൾ.

# തിരുവനന്തപുരം

## ഫീസ്റ്റാശംസകൾ

അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് കാർഡിനൽ ക്ലീമീസ് കാതോലിക്കാ ബാവായുടെ ഫീസ്റ്റു ദിനം പ്രമാണിച്ച് ജനുവരി 2 ന് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന വി.കുർബാനയിൽ മദറും സിസ്റ്റേഴ്സും സംബന്ധിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

മാവേലിക്കര പുന്നമൂട് വച്ചു നടന്ന ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ ഫീസ്റ്റാഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

## നവ വൈദീകർക്ക് ആശംസ

വിവിധ രൂപതകളിൽ വച്ച് നടന്ന പൗരോഹിത്യ സ്വീകരണ ശുശ്രൂഷകളിലും പുത്തൻ കുർബാനകളിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു. നവ വൈദീകരെ പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## വാർഷിക ധ്യാനം

2019 ഡിസംബർ 25-31 വരെ വാർഷിക ധ്യാനം ബഹു. ജേക്കബ് കാട്ടിപ്പറമ്പിൽ വി.സി അച്ചന്റെ നേതൃത്വത്തിൽ നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.

## ഒന്നാം ചരമവാർഷികം

സിസ്റ്റർ സൗമായുടെ ഒരാണ്ട് ഓർമ്മക്കുർബാനയും ധൂപ പ്രാർത്ഥനയും 2019 ഡിസംബർ 31 ന് നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. പ്രസ്തുത ചടങ്ങിന് ബഹു.തോമസ് റെജി ഓ.ഐ.സി അച്ചൻ മുഖ്യ കാർമ്മികത്വം വഹിച്ചു.

## ജൂബിലി ആഘോഷം

2019 ൽ ജൂബിലി ആഘോഷിച്ച വിവിധ രൂപതകളിലെ വൈദീകരെ ഒന്നിച്ചുചേർത്ത് 2020 ജനുവരി 07 ന് നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷിച്ചു. ബഹു.വൈദീകർ ആഘോഷമായ



ദിവ്യബലി അർപ്പിച്ചു. അതിനുശേഷം നടന്ന മീറ്റിംഗിൽ വന്ദ്യ വൈദീകരെ അനുമോദിക്കുകയും പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ചെയ്തു.

## കൂദാശാകർമ്മം

സെന്റ് ഗൊരേറ്റി സ്ക്കൂളിൽ ഭിന്നശേഷി കുട്ടികൾക്കായി പണിത കെട്ടിടത്തിന്റെ കൂദാശാകർമ്മം അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ 2020 ജനുവരി 9-ാം തീയതി നടന്നു. പ്രസ്തുത ചടങ്ങിൽ ബഹു. മാത്യു പാറക്കൽ ഒ.ഐ.സി അച്ചനും ബഹു.ജേക്കബ് ഇളംപള്ളൂർ അച്ചനും പി.ടി.എ, എം.പി.ടി.എ അംഗങ്ങളും മുൻ പി.ടി.എ അംഗങ്ങളും മുൻ അധ്യാപകരും സംബന്ധിച്ചു.

## സുവിശേഷ സംഘം

എം.റ്റി.സിയിൽ വച്ച് എല്ലാ മാസവും രണ്ടാമത്തെ ശനിയാഴ്ച സുവിശേസംഘാംഗങ്ങൾക്കു വേണ്ടി കൃപാപൂരിത ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി ധ്യാനം നടക്കുന്നു. റവ.ഫാ.ഗോഡ്ജോയിയും അൻപതോളം സുവിശേഷസംഘാംഗങ്ങളും സംബന്ധിച്ചുവരുന്നു.

സിസ്റ്റർ ഉന്നത തിരുവല്ലാ അതിരൂപതാ സുവിശേഷസംഘാംഗ ബാച്ചിന് ക്രിസ്തീയ ധാർമ്മിക ജീവിതവും കൽപനകളും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

## രൂപതാ ഉത്ഘാടനം

ജനുവരി 14 -ാം തീയതി നടന്ന പൂനാ-കഡ്കി രൂപതയുടെ ഉത്ഘാടന ചടങ്ങിലും അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.

## പ്രിന്റിംഗ് പ്രസ്സ്

തിരുവനന്തപുരം കുമാരപുരത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രസ്സിന്റെ പ്രവർത്തനങ്ങൾ കുരിയോട്ടേക്ക് മാറ്റി. പ്രസ്സ് സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ജനുവരി 16 ന് കൂദാശാകർമ്മം നടത്തി പ്രവർത്തനമാരംഭിച്ചു. സി. പ്രശാന്തി, സി. .സീനാ എന്നിവർ പ്രസ്സിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

## പഠനശിബിരം

പി.ഒ.സിയിൽ വച്ച് മിഷനുമായി ബന്ധപ്പെട്ട് ജനുവരി 17 ന് നടന്ന പഠനശിബിരത്തിൽ സി. ഉന്നത, സി. ജോസിയ എന്നിവർ സംബന്ധിച്ചു.

## ഓർമ്മയാചരണം

ജനുവരി 18 ന് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന സിറിൽ ബസ്സേലിയോസ് കാതോലിക്കാബാവായുടെ ഓർമ്മക്കുർബാനയിലും കബറിങ്കൽ വച്ച് നടന്ന ധൂപപ്രാർത്ഥനയിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## ക്ലാസ്സ്

യൂണിറ്റടിസ്ഥാനത്തിൽ മിഷൻ അടിസ്ഥാനമാക്കി പ്രേഷിത വർഷത്തെക്കുറിച്ച് മേജർ സെമിനാരി പ്രൊഫസർ ആയിരിക്കുന്ന ജോളി കരിമ്പിൽ അച്ചൻ നയിച്ച ക്ലാസ്സിലും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് സർവോദയ സ്ക്കൂൾ പ്രിൻസിപ്പൽ ആയിരിക്കുന്ന ശാന്തൻ ചരുവിൽ അച്ചൻ നയിച്ച ക്ലാസ്സിലും തിരുവനന്തപുരം യൂണിറ്റിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

## ത്രിദിന ട്രെയിനിംങ്

സുവിശേഷസംഘത്തിന്റെ ത്രിദിന ട്രെയിനിംങ് പ്രോഗ്രാമിൽ സി. കീർത്തന സംബന്ധിച്ചു. കൂടാതെ സമയാസമയങ്ങളിൽ വിളിച്ചുകൂട്ടുന്ന മീറ്റിംഗുകൾക്ക് അതുമായി ബന്ധപ്പെട്ട സിസ്റ്റേഴ്സ് സംബന്ധിച്ചു വരുന്നു.

## എത്യോപ്യായിൽ നിന്ന്

എത്യോപ്യായിലെ ബിഷപ്പായ വർഗ്ഗീസ് തോട്ടാകര പിതാവ് നാട്ടിലെത്തിയപ്പോൾ നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും മിഷനെക്കുറിച്ച് ഏകദേശം രണ്ട് മണിക്കൂർ ക്ലാസ്സെടുക്കുകയും ചെയ്തു. പിതാവ് വൈദീകനായിരുന്ന കാലത്തുള്ള മിഷൻ പ്രവർത്തന അനുഭവങ്ങളും ഇപ്പോഴത്തെ പ്രവർത്തനങ്ങളും വിവരിച്ചത് വളരെ പ്രചോദനാത്മകമായിരുന്നു. ലോകത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുവാൻ പിതാവ് എല്ലാവരേയും ആഹ്വാനം ചെയ്തു.



## അനുസ്മരണം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട അഞ്ചുപേരിൽ ഒരാളായ ബഹു. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി അച്ചന്റെ 25 -ാം ചരമ വാർഷികവും (2020 ജനുവരി 28) അല്മായരുടെ പ്രതിനിധിയായി പുനരൈക്യപ്പെട്ട ശ്രീ. കിളീലേത്ത് ചാക്കോച്ചന്റെ 50 -ാം ചരമ വാർഷികവും(2020 സെപ്റ്റംബർ 17) ആചരിക്കുന്നതിന്റെ ഭാഗമായി 2020 ജനുവരി 27 -ാം തീയതി വൈകിട്ട് 6.30 ന് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ സംഘടിപ്പിച്ച അനുസ്മരണാചടങ്ങിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## സ്ക്കൂൾ ഡേ

പ്രോവിൻസിന്റെ വിവിധ സ്ക്കൂളുകളിൽ സ്ക്കൂൾ ഡേ സമുചിതമായി ആഘോഷിച്ചു. സാധ്യമായിടത്തെല്ലാം മദർ പ്രൊവിൻഷ്യൽ സംബന്ധിക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

## പേരന്റ്സ് ഡേ

നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റർ സുഫലയുടെ നേതൃത്വത്തിൽ പരിശീലനം നേടുന്ന രണ്ടാം വർഷ നോവിസ്സസിന്റെ പേരന്റ്സ് ഡേ 2020 ജനുവരി 8 ന് നടന്നു. കോട്ടയത്ത് നിന്ന് മദർ ജനറൽ മദർ ലിറ്റിൽ ഫ്ളവറും മൂവാറ്റുപുഴയിൽ നിന്ന് മദർ ഗ്ലാഡിസ്സും നോവിസ്സസിന്റെ ഭവനാംഗങ്ങളും സംബന്ധിച്ചു. പേരന്റ്സിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മദർ ജനറലും മദർ പ്രൊവിൻഷ്യൽസും നല്കി.

## അനന്തപുരി കൺവെൻഷൻ

2020 ജനുവരി 8 – 11 വരെ പുത്തരിക്കണ്ടം മൈതാനത്ത് വച്ച് അണക്കര ധ്യാനകേന്ദ്രത്തിലെ ഡൊമിനിക്ക് വളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന അനന്തപുരി കൺവെൻഷനിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു. സമീപ ഇടവകകളിലേയും കുടുംബങ്ങളിലേയും അംഗങ്ങൾക്കും ഹോസ്റ്റലേഴ്സിനും ഈ കൺവെൻഷനിൽ സംബന്ധിക്കുന്നതിനുള്ള ക്രമീകരണം ചെയ്തു കൊടുത്തു.

## യാത്ര അയപ്പ്

നാലാഞ്ചിറ സെന്റ് ഗൊരേറ്റി സ്കൂളിൽ നിന്നും കായംകുളം സെന്റ് മേരീസ് സ്കൂളിൽ നിന്നും മാർച്ചിൽ റിട്ടയർ ചെയ്യുന്ന സി. പ്ലാസിഡ, സി. യൽദോ, സി. പൂർണ്ണിമ, സി. ക്ലെയർ എന്നിവരുടെ സെന്റ് ഓഫ് പരിപാടി സമുചിതം നടന്നു. അവരോടൊപ്പം സേവനം ചെയ്തിരുന്ന പൂർവ്വ അധ്യാപകരും വിദ്യാർത്ഥികളും സുഹൃത്തുക്കളും കുടുംബാംഗങ്ങളും ചടങ്ങിൽ സംബന്ധിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## പ്രാർത്ഥനാ ദിനങ്ങൾ

അണക്കര മരിയൻ ധ്യാനകേന്ദ്രം, പുളിങ്കുടി ബെത്സെയ്ദാ ധ്യാനകേന്ദ്രം, മൂന്നാർ ആവില ധ്യാനകേന്ദ്രം, വാഗമൺ കുരിശുമല, ചിറ്റൂർ, മുട്ടട......തുടങ്ങിയ വിവിധ ധ്യാനകേന്ദ്രങ്ങളിൽ സിസ്റ്റേഴ്സ് പ്രാർത്ഥനാദിനങ്ങൾ നടത്തി.

## കാനോനിക്കൽ വിസിറ്റ്

മാർച്ച് 03 -ാം തീയതി മെയ് മാസത്തിൽ വ്രതം ചെയ്യുന്ന നോവിസ്സസിന്റെ കാനോനിക്കൽ വിസിറ്റ് മദർ ജനറൽ നടത്തി.

## പള്ളിക്കൂദാശ

കിളിമാനൂർ വൈദീക ജില്ലയിൽ പുതുതായി പണികഴിപ്പിച്ച കൊപ്പം ഇൻഫന്റ് ജീസസ് പള്ളിയുടെ കൂദാശാകർമ്മം മാർച്ച് 07 ന് അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് കാർഡിനൽ ക്ലീമീസ് കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. ആത്മീയമായും ഭൗതീകമായും സഹായസഹകരണങ്ങൾ നല്കിക്കൊണ്ടിരിക്കുന്ന ഈ ജില്ലയിലെ കൊപ്പം പള്ളിക്കൂദാശയിൽ ഏറെ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ഫോർമേഷൻ, വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗ്

16.01.2020 ൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മദർ പ്രൊവിൻഷ്യലിന്റെ അധ്യക്ഷതയിൽ ഫോർമേഷൻ മേഖലയിലേയും വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റേയും ഒരു മീറ്റിംഗ് നടന്നു. തുടർന്നു വരുന്ന മാസങ്ങളിലും അവധിക്കാലങ്ങളിലും ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.



## ടീച്ചേഴ്സ് ഗിൽഡ്

കേരളാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ അതിരൂപതാ മീറ്റിംഗ് ഫെബ്രുവരി 21 ന് കൊട്ടാരക്കര കരിക്കം ഗ്രീൻവാലി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ റിട്ടയർ ചെയ്യുന്ന സിസ്റ്റേഴ്സിനേയും ടീച്ചേഴ്സിനേയും അനുമോദിച്ചു.

## അമേരിക്കയിലേക്ക്

മദർ ജനറലും മദർ പ്രൊവിൻഷ്യലും കൂടി അമേരിക്കയിലെ മഠങ്ങൾ വിസിറ്റ് ചെയ്യുന്നതിനായി മാർച്ച് 05 ന് ന്യൂയോർക്കിലേക്ക് പോയി. അവിടെ നിന്ന് ചിക്കാഗോ, ഫിലാഡൽഫിയാ മഠങ്ങൾ സന്ദർശിച്ച ശേഷം ഏപ്രിൽ 07 ന് തിരികെയെത്തും.

## അവധിക്കാലം

ജർമ്മനിയിൽ നിന്ന് അവധിക്കായി സിസ്റ്റർ സനിത, സി. ഹെലനി എന്നിവർ നാട്ടിലെത്തി. സി. ഹെലനി ആറുമാസ അവധി കഴിഞ്ഞ് തിരികെ പോകുന്നതാണ്. മണ്ണിക്കരോട്ട് കോർ എപ്പിസ്ക്കോപ്പായുടെ മരണവുമായി ബന്ധപ്പെട്ട് അമേരിക്കയിൽ നിന്ന് സിസ്റ്റർ സ്ലൂസോയും നാട്ടിലെത്തി. റോമിൽ റെജിയോ എമിലിയായിൽ സേവനം ചെയ്തുകൊണ്ടിരുന്ന സിസ്റ്റർ ലീജിയായ്ക്ക് ഒരു ഓപ്പറേഷൻ വേണ്ടി വന്നതിനാൽ നാട്ടിലേക്ക് തിരികെ വന്നു. പെരുമ്പുഴ ഹോസ്പിറ്റലിൽ ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമിക്കുന്നു.

## ഭവന സന്ദർശനം

എണ്ണൂറോളം കുടുംബങ്ങളുള്ള നാലാഞ്ചിറ സെന്റ് തോമസ് ഇടവകയിലെ ഭവനങ്ങളിൽ ആഴ്ചയിൽ രണ്ട് ദിവസം വച്ച് മൂന്നു പേരുള്ള ഏഴ് ഗ്രൂപ്പായി തിരിഞ്ഞ് ഭവന സന്ദർശനം നടത്തി വരുന്നു. സിസ്റ്റേഴ്സിനും കുടുംബാംഗങ്ങൾക്കും ഏറെ അനുഗ്രഹപ്രദമായ ഒരനുഭവമായി പങ്കുവച്ചു. ഇടവക വികാരിയായിരിക്കുന്ന മാത്യു പാറയ്ക്കൽ ഒ.ഐ.സി അച്ചനും അസിസ്റ്റന്റ് വികാരി അച്ചനും ആവശ്യമായ എല്ലാ പിൻബലവും നല്കിവരുന്നു.

## ആലോചനാ മീറ്റിംഗ്

പുനരൈക്യ നവതിയുമായി ബന്ധപ്പെട്ട് മാവേലിക്കര അരമനയിൽ വച്ച് മാർച്ച് 07 ന് നടന്ന ആലോചനാ മീറ്റിംഗിൽ സി.കീർത്തനയും സി. മഹിമയും സംബന്ധിച്ചു.

## കല്ലിടീൽ കർമ്മം

പഞ്ചാബിൽ ചപ്പാർ എന്ന സ്ഥലത്ത് ഒരു മഠം പണിയുന്നതി നുള്ള കല്ലിടീൽ മദർ പ്രൊവിൻഷ്യൽ മദർ ഡമഷീന്റേയും സിസ്റ്റർ ദ്യോതിസ്സിന്റേയും സാന്നിധ്യത്തിൽ നടന്നു.

## ഇലാം മീറ്റിംഗ്

ഫെബ്രുവരി 11,12,13 തീയതികളിൽ നാഗർകോവിലിൽ വച്ച് നടന്ന ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ദൈവശാസ്ത്രജ്ഞരുടെ യോഗത്തിൽ സിസ്റ്റർ ഉന്നത സംബന്ധിക്കു കയും വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

## പ്രാർത്ഥനായജ്ഞവുമായി

ഭീതി വിതച്ചുകൊണ്ടിരിക്കുന്ന കൊറോണാ വൈറസ്സിൽ നിന്ന് ലോകവും നമ്മുടെ ദേശവും രക്ഷനേടുന്നതിനായി രാത്രിപ്രാർത്ഥന യ്ക്കുശേഷം ഒരു ജപമാലയും ഒരു കരുണക്കൊന്തയും പ്രത്യക പ്രാർത്ഥനകളും ആരാധനയും നടത്തിവരുന്നു.

നോമ്പിന്റെ ആരംഭദിവസം മുതൽ രാവിലെ തുടങ്ങി ഉച്ച വരെ ബൈബിൾ പാരായണം നടത്തിവരുന്നു.

## അനുശോചനം

നിത്യതയിൽ പ്രവേശിച്ച പത്തനംതിട്ട രൂപതാംഗമായ രാജൻ അച്ചന്റേയും മാവേലിക്കര രൂപതാംഗമായ കോശി ചക്കാലമണ്ണിൽ അച്ച ന്റേയും തിരുവനന്തപുരം അതിരൂപതയുടെ കോർ എപ്പിസ്ക്കോപ്പയായ മണ്ണിക്കരോട്ടച്ചന്റേയും സംസ്കാര ശുശ്രൂഷയിൽ മദറും സിസ്റ്റേഴ്സും സംബന്ധിക്കുകയും അനുശോചനം അറിയിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## മരണം

ഏവർക്കും സ്നേഹവും സന്തോഷവും നൽകി ബഥനിയിൽ നന്മനിറഞ്ഞ ഒരു ജീവിതം കഴ്ചവെച്ച സിസ്റ്റർ മക്രീന (82) 27.03.2020 -ൽ ഇഹത്തിലെ ദൗത്യം പൂർത്തിയാക്കി ശാന്തമായി നിത്യഭവനത്തി ലേക്ക് യാത്രയായി. അഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ കാർമ്മികത്വത്തിൽ 28-ാം തീയതി സിസ്റ്ററിന്റെ മൃതദേഹം സംസ്ക്ക രിച്ചു.



# തിരുവല്ല പ്രോവിൻസ്

## ക്രിസ്തുമസ്സ്

ക്രിസ്തുമസ്സിന് ഒരുക്കമായി ബഹുമാനപ്പെട്ട ജോസ് പൂത്തൃക്ക അച്ചൻ നടത്തിയ ധ്യാനത്തിൽ സിസ്റ്റേഴ്സ് സംബനധിച്ച് അനുഗ്രഹം പ്രാപിച്ചു.

## ബൈബിൾ വാരാചരണം

ബൈബിൾ വാരാചരണവുമായി ബന്ധപ്പെട്ട് പ്രൊവിൻഷ്യൽ ഹൗസിൽ അഖണ്ഡ ബൈബിൾ പാരായണണം നടന്നു. കത്തീ ഡ്രൽദൈവാലയത്തിൽ നടത്തപ്പെട്ട അഖണ്ഡ ബൈബിൾ പാരായ ണണത്തിന് സിസ്റ്റേഴ്സ് നേതൃത്വം കൊടുത്തു.

## എയിഞ്ചൽസ് മീറ്റ്.

തിരുവല്ലാ അതിഭദ്രാസനത്തിൽ, 4 മുതൽ 8വരെ ക്ലാസ്സുക ളിൽ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വൈദി കമേഖലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച എയിഞ്ചൽ മീറ്റിൽ 800 കുട്ടി കൾ സംബന്ധിച്ചു. വൈദീകരുടെ സജീവ സാന്നിദ്ധ്യ സഹകരണ ങ്ങൾ ക്യാമ്പിന് ഉണ്ടായിരുന്നുവെന്നത് ഏറെ അനുഗ്രഹകരമായിരു ന്നു. ഇതിനു നേതൃത്വം നല്കിയ യൂണിറ്റ് ലീഡേഴ്സിനേയും വൊക്കേ ഷൻ പ്രൊമോട്ടേഴ്സിനേയും അവരോട് സഹകരിച്ച എല്ലാ സിസ്റ്റേഴ് സിനേയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

## സന്ദർശനം

മദർ പ്രൊവിൻഷ്യൽ എത്യോപ്യ, സൗത്ത് ആഫ്രിക്ക എന്നീ സ്ഥലങ്ങളിൽ ശുശൂഷചെയ്യുന്ന സിസ്റ്റേഴ്സിനെ സന്ദർശിക്കാനായി പോയിവന്നു.

## ജൂനിയേഴ്സ് കോഴ്സ്

ഡിസംബർ 26, 27, 28 തീയതികളിൽ തിരുമൂലപുരം പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ജൂനിയർസിസ്റ്റേഴ്സിന്റെ കോഴ്സ് നടത്തപ്പെട്ടു. അവസാനദിനം പിക്നിക് ക്രമീകരിച്ചിരുന്നു. എല്ലാ ജൂനിയർസിസ്റ്റേഴ്സും കോഴ്സിൽ സംബന്ധിച്ചു.

## ജൂബിലി സമാപനം

ഫരീദബാദ് സെന്റ് മേരീസ് കോൺവന്റ് സീനിയർ സെക്കന്ററി സ്ക്കൂളിന്റെ സിൽവർ ജൂബിലി സമാപനം ആഘോഷമായി നടത്തപ്പെട്ടു. മദർപ്രൊവിൻഷ്യലും 18 സിസ്റ്റേഴ്സും മീറ്റിംഗിൽ സംബന്ധിച്ചു.

## ജീവോദയ പാലിയേറ്റീവ് കെയർ സെന്റർ

കുമ്പളന്താനം, ജീവോദയ പാലിയേറ്റീവ് കെയർ സെന്ററിൽ ആഴ്ചയിൽ ഒരു ദിവസം ഡോക്ടർ സിസ്റ്റർ ലിസായുടെ സേവനം ലഭ്യമാക്കുന്നു.

## എം. സി. വൈ. എം

തിരുവല്ലാ അതിഭദ്രാസനത്തിന്റെ എം. സി. വൈ. എം കോ-ഓർഡിനേറ്റർ സിസ്റ്റർ അലീന വയനാട്, എറണാകുളം, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽവച്ചു നടന്ന എം. സി. വൈ. എം മീറ്റിംഗുകളിൽ സംബന്ധിച്ചു.

## ഓർമ്മയാചരണം

സിസ്റ്റർ പങ്ക്രേഷ്യായുടെ ഓർമ്മദിനത്തിൽ എല്ലാ വർഷവും മാന്നാർ ഇടവകയിൽനിന്ന് യുവജനങ്ങൾ കബറിങ്കൽ വരികയും പ്രാർഥിക്കുകയും ചെയ്തുവരുന്നു. സിസ്റ്ററിന്റെ മദ്ധ്യസ്ഥത അവർക്ക് അനുഗ്രഹമാകട്ടെ.

## വിദേശം

എത്യോപ്യയിൽ നിന്ന് സിസ്റ്റർ നോയലും അമേരിക്കയിൽ നിന്ന് സിസ്റ്റർ ഗ്രെയ്സും അവധിക്ക് വന്നു. സിസ്റ്റർ നോയൽ തിരികെ പോയി.

## വൈദിക പട്ടം

തിരുവല്ല അതി ഭദ്രാസനത്തിലെയും ബഥനി ആശ്രമത്തിലെയും ബഹു. ശെമ്മാശന്മാരുടെ വൈദികപട്ടത്തിലും പുത്തൻ കുർബാനയിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## നവവൈദികർ

നവവൈദികർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി. ദിവ്യബലിയെത്തുടർന്ന് അവർക്ക് ആശംസകൾ നേരുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.



## ഫാമിലി ഗാതറിംഗ്

ഈ വർഷത്തെ Second batch Family Gathering പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. ബഹു. മാത്യു തിരുവാലിൽ OIC അച്ചൻ ക്ലാസ്സ് നയിച്ചു. സിസ്റ്റേഴ്സ് തങ്ങളുടെ സർഗ്ഗാത്മകത പ്രകടമാക്കിക്കൊണ്ട് ഉണ്ടാക്കിയ കരകൗശലവസ്തുക്കളുടെ പ്രദർശനം അതോടൊപ്പം സംഘടിപ്പിക്കപ്പെട്ടു. ഇതിൽ സഹകരിച്ച എല്ലാ സിസ്റ്റേഴ്സിനും പ്രത്യേകം അഭിനന്ദനങ്ങൾ.

## വാർഷിക ധ്യാനം

ബഥാനിയയിലെ സിസ്റ്റേഴ്സിന്റെ വാർഷികധ്യാനം സിസ്റ്റർ ബഞ്ചമിന്റെ നേതൃത്വത്തിൽ നടത്തി.

## സഭൈക്യവാര പ്രാർത്ഥന

ഈ വർഷം നടത്തിയ സഭൈക്യവാര പ്രാർത്ഥനകളിൽ സിസ്റ്റേഴ്സ് സജീവമായി പങ്കെടുത്തു.

## ഫോർമേറ്റേഴ്സ് മീറ്റിംഗ്

KCMS ന്റെ നേതൃത്വത്തിൽ ആലുവയിൽ നിവേദിതയിൽ വച്ചു നടത്തിയ മീറ്റിംഗിൽ സിസ്റ്റർ ടെസ്സി മരിയയും സിസ്റ്റർ ശാലീനയും പങ്കെടുത്തു.

## സുപ്പീരിയേഴ്സ് കോൺഫറൻസ്

ഈ വർഷത്തെ രണ്ടാമത്തെ സുപ്പീരിയേഴ്സ് കോൺഫറൻസ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ബഹു. മദർ പ്രൊവിൻഷ്യൽ, ബഹു. റോബിൻ മനയ്ക്കലേട്ട് അച്ചൻ, സിസ്റ്റർ ഗ്രെയ്സ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## റിന്യൂവൽ കോഴ്സ്

ഈ വർഷം സിൽവർ ജൂബിലി ആഘോഷിക്കുന്നവർ വരെയുള്ള നിത്യവ്രതസ്ഥരായ സിസ്റ്റേഴ്സിന്റെ റിന്യൂവൽ കോഴ്സ് മൂന്നു ദിവസങ്ങളിലായി നടത്തപ്പെട്ടു. 60 സിസ്റ്റേസ് കോഴ്സിൽ സംബന്ധിച്ചു. ബഹു മദർ പ്രൊവിൻഷ്യൽ, ബഹു. പ്രദീപ്, സേവേറിയോസ് എന്നീ വൈദികർ, സിസ്റ്റർ ഗ്രെയ്സ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## ടീച്ചേഴ്സ് ഗിൽഡ്

നമ്മുടെ മാനേജുമെന്റിലെ എയിഡഡ് സ്ക്കൂളുകളിലെ ടീച്ചേഴ്സ് ഗിൽഡ് ചെങ്ങരൂർ സ്ക്കൂളിൽവച്ച് നടത്തപ്പെട്ടു. ഇ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന സി. തെരേസ് മാർഗരറ്റ് ഉൾപ്പെടെ യുള്ള റ്റീച്ചേഴ്സിന്റ യാത്രയപ്പ് സമ്മേളനവും നടത്തപ്പെട്ടു.

## സ്മരണാഞ്ജലി

ജൂബിലി വർഷത്തിലെ സിസ്റ്റർ ബൻസിറ്റായുടെ ഓർമ്മദിവസം സിസ്റ്ററിന്റെ നോവിസ് മിസ്ട്രസ് സിസ്റ്റർ ദീപ്തിയും ബാച്ചിലെ 10 സിസ്റ്റേഴ്സും പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്ററിനുവേണ്ടി അർപ്പിച്ച വിശുദ്ധ കുർബാനയിൽ പങ്കുകൊണ്ടതിനുശേഷം അന്നു വൈകിട്ട് സിസ്റ്റർ ബൻസിറ്റായുടെ ഭവനം സന്ദർശിച്ച് പ്രാർഥിക്കുകയും മാതാ പിതാക്കളോടൊപ്പം കറച്ചുസമയം ചെലവഴിക്കുകയും ചെയ്തു. സ്വർഗീയ പിതാവിന്റെ സന്നിധിയിലായിരുന്നുകൊണ്ട് ജൂബിലി ആഘോഷിക്കുന്ന സിസ്റ്റർ ബെൻസിറ്റായ്ക്ക് സ്മരണാഞ്ജലികൾ!

## സാരഥി യൂണിറ്റ്

ഓട്ടോറിക്ഷാ തൊഴലാളികളുടെ ശുശ്രൂഷകളെ ബലപ്പെടുത്തുന്ന തിനും അവരുടെ ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന'സാരഥി ' സംഘ ടനയോടുചേർന്ന് തിരുമൂലപുരം, വെച്ചൂച്ചിറ, കുമ്പളന്താനം എന്നീ മഠങ്ങളോട് അനുബന്ധിച്ച് 'സാരഥി 'യൂണിറ്റ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ തേക്കാനത്ത് അച്ചൻ ഈ മീറ്റിംഗുകളിൽ ബോധവല്ക്കരണ ക്ലാസ്സ് നൽകുകയുണ്ടായി. ഈ മേഖലയിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ ഡ്രൈവേഴ്സിന് ' സാരഥി സേവന അവാർഡ് ' നൽകി ആദരിച്ചു. ഈ മേഖലയിൽ താത്പര്യ മെടുത്തു പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

## മടങ്ങിയെത്തി

അമേരിക്കയിൽ ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ടിരുന്ന സിസ്റ്റർ ബെറ്റി അവിടുത്തെ പഠനവും ശുശ്രൂഷയും സ്തുത്യർഹമായി പൂർത്തീക രിച്ച് നാട്ടിൽ തിരിച്ചെത്തി. സിസ്റ്ററിന്റെ പുതിയ പ്രേഷിത മേഖലക ളിൽ ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ഉണ്ടാകട്ടെ.



## ബഹു. മാത്യു കരിമ്പിൽ കോർ എപ്പിസ്ക്കോപ്പ

ബഹുമാനപ്പെട്ട അച്ചന്റെ ശവസംസ്ക്കാരത്തിൽ സിസ്റ്റേഴ്സ് സംബന്ധിക്കുകയും സംസ്ക്കാര ശുശ്രൂഷകൾക്ക് ആവശ്യമായ ക്രമീ കരണങ്ങളെല്ലാം നടത്തുകയും ചെയ്തു. ബഹു. അച്ചനിലൂടെ ബഥ നിക്കു ലഭിച്ച എല്ലാ നന്മകളേയും അനുസ്മരിച്ചുകൊണ്ട് ആ പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ബത്തേരി പ്രോവിൻസ്

## Malankara Religious Commission Meeting

10/12/2019 മേരി മക്കൾ സന്യാസ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ബത്തേരി രൂപതയുടെ മലങ്കര സന്യാസ, സന്യാസിനികളുടെ ആദ്യത്തെ കമ്മീഷൻ മീറ്റിങ്ങ് നടത്തപെട്ടു. ബഹു. മദർ പരിമള ഈ മീറ്റിംഗിൽ സംബന്ധിച്ചു.

## സി. ആർ. ഐ മീറ്റിംഗ്

സി.ആർ.ഐ സൗത്ത് വയനാട് സോണിന്റെ ആ 1മുഖ്യത്തിൽ ഡോൺബോസ്കോ ആശ്രമത്തിൽ വെച്ച് നടത്തിയ ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ ഈ മേഖലയിൽപ്പെട്ട സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ക്രിസ്മസ് ആഘോഷം

അഭിവന്ദ്യ ഡോ.ജോസഫ് മാർ തോമസ് പിതാവും, ബഹു മോൺസിഞ്ഞോർ അച്ചന്മാരും, അരമനയിലെ വൈദീകരും ക്രിസ്മസ് ദിനത്തിലെ ഉച്ച ക്ഷണത്തിന് പ്രൊവിൻഷ്യൽ ഹൗസിലെ അംഗ ങ്ങളോടൊപ്പം പങ്ക് ചേർന്ന് സന്തോഷവും, കൂട്ടായ്മയും പുതുക്കി.

## ഐക്യ ക്രിസ്മസ് ആഘോഷം

15.12.2019 ന് ബത്തേരി ഓർത്തഡോക്സ് പള്ളിയങ്കണത്തിലും, കൽപ്പറ്റ സെന്റ് ജോസഫ്സ് പള്ളിയങ്കണത്തിലും നടന്ന ഐക്യ ക്രിസ്മസ് ആഘോഷങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. അതുപോലെ AITEC ലും, വച്ച് നടന്ന ആഘോഷങ്ങളിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

## തിരുപ്പട്ട ശുശ്രൂഷ

2019 ഡിസംബർ 26, 28, 30, 31 തീയതികളിൽ, ബത്തേരി, നിലമ്പൂർ, തിരുമേനി, കൊളഗപ്പാറ എന്നീ സ്ഥലങ്ങളിൽ വച്ച് നടന്ന തിരുപ്പട്ട ശുശ്രൂഷയിലും, പുത്തൻ കുർബാനയിലും ബഹുമാനപ്പെട്ട മദറും, നിരവധി സിസ്റ്റേഴ്സും സംബന്ധിക്കുകയും, മദർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. തിരുപ്പട്ടം സ്വീകരിച്ച ബത്തേരി, പൂന രൂപതയിലെ ബഹുമാനപ്പെട്ട നവവൈദികരെ പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരിക്കുകയും അവർ ദിവ്യബലിയർപ്പിക്കുകയും, അവർക്ക് അനുമോദനങ്ങളും ആശംസകളും നേരുകയും ചെയ്തു.

## എത്യോപ്യമിഷൻ

11.1.2020 ന് എത്യോപ്യയിലെ നെക്കംറ്റെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വർഗ്ഗീസ് തോട്ടുംങ്കര പിതാവിനെ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി സ്വീകരിച്ചു. എത്യോപ്യയിലെ ജീവിതത്തെക്കുറിച്ചും നമ്മുടെ സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വളരെ മതിപ്പോടെ പിതാവ് സംസാരിച്ചു. പ്രൊവിൻഷ്യൽ ഹൗസിലെ അംഗങ്ങളോടൊപ്പം ഉച്ച ഭക്ഷണത്തിൽ പങ്ക് ചേർന്ന് സന്തോഷവും, സ്നേഹകൂട്ടായ്മയും, പങ്കിടുകയും ചെയ്തു

## AidedSchool Principals & Accountants Meeting

ജനുവരി 15-ാം തീയതി അൺ എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന സിസ്റ്റേഴ്സിനായി മദർ പരിമളയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് പൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. ഈ മീറ്റിംഗിൽ കൗൺസിലേഴ്സ് എല്ലാവരും സന്നിഹിതരായിരുന്നു. പ്രധാനമായി Welfare fund collect ചെയ്യുന്നതിനെ കുറിച്ചും, gratuity കൊടുക്കുന്നതിനെ കുറിച്ചും ചർച്ചകൾ നടത്തി തീരുമാനം എടുത്തു.

## അനുസ്മരണാ ദിനാചരണവും, എം. സി. എ സിൽവർ ജൂബിലി സഭാതല ആഘോഷ പരിപാടിയും

25.01.2020 സെന്റ് തോമസ് കത്തീഡ്രലിൽ വച്ചു നടത്തിയ അഭിവന്ദ്യ സിറിൽ ബസേലിയോസ് കാതോലിക്ക ബാവായുടെയും, അഭിവന്ദ്യ ദിവന്നാസിയോസ് പിതാവിന്റെയും, അഭിവന്ദ്യ



സെവേറിയോസ് പിതാവിന്റെയും, ഓർമ്മയാചരണ പരിശുദ്ധ ബലിയിലും, ധൂപ പ്രാർത്ഥനയിലും തുടർന്ന് നടന്ന എം.സി.എ സിൽവർ ജൂബിലി ആഘോഷ പരിപാടിയിലും ബഹു. മദറും നിരവധി സിസ്റ്റേഴ്സും പങ്കെടുത്തു.

## അവധിക്ക് വന്നു പോയവർ

ജർമ്മനിയിൽ നിന്ന് സി. ആശിഷയും, എത്യോപ്യയിൽ നിന്ന് സി. ഉത്ഥിതയും, അവധി കഴിഞ്ഞ് തിരികെ പോയി. അതുപോലെ തന്നെ അമ്മക്ക് സുഖമില്ലാതിരുന്നതിനാൽ സി. അതുല്യയും നാട്ടിൽ വന്ന് തിരിച്ചു പോയി. സി അഞ്ജന സ്കൂളിൽ നിന്ന് അവധി sanction ആകാത്തതിനാൽ എത്യോപ്യയിലെ സേവനം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തി.

## ഫീസ്റ്റ് ആഘോഷം

ഫെബ്രുവരി 6-ാം തിയതി വൈകിട്ട് മദർ പ്രൊവിൻഷ്യൽ മദർ പരിമളയുടെ ഫീസ്റ്റ് പ്രൊവിൻഷ്യൽ ഹൗസ് കമ്മ്യൂണിറ്റി അംഗങ്ങളും, കൗൺസിലേഴ്സും ചേർന്ന് വളരെ ലളിതമായി ആഘോഷിക്കുകയും, ഫീസ്റ്റ് ദിനമായ 8-ാം തിയതി രാവിലെ പ്രത്യേക പ്രാർത്ഥനകളും, വന്ദ്യ കോർ എപ്പിസ്കോപ്പ മാത്യു അറമ്പൻകുടി അച്ചൻ മദറിന് വേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. അച്ചൻ പ്രഭാതഭക്ഷണത്തിൽ സംബന്ധിക്കുകയും മദറിന് ആശംസകൾ അർപ്പിക്കുകയും ചെയ്തു. മദർ എല്ലാവർക്കും നന്ദി അറിയിക്കുകയും പ്രാർത്ഥന അപേക്ഷിക്കുകയും ചെയ്തു.

## ശുബുക്കോനൊ ശുശ്രൂഷ

സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തിയ ശുബുക്കോനൊ ശുശ്രൂഷയിൽ ബത്തേരി മേഖലയിലെ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ബൈബിൾ കൺവെൻഷൻ

01.03.2020 മുതൽ 04.03.2020 വരെ ബത്തേരി സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷനിൽ ബത്തേരി മേഖലയിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു. ധ്യാനം നയിച്ചത് തിരുവനന്തപുരം രൂപതയിലെ ബഹു ജോഷ കൊച്ചുവിളയിൽ അച്ചൻ

ആയിരുന്നു. അച്ചനെ ഗാനശുശ്രൂഷയിലൂടെ സഹായിക്കാൻ അച്ചന്റെ റ്റീം അംഗമായ മിസ്റ്റർ അനീഷും ഉണ്ടായിരുന്നു. അതുപോലെ തന്നെ കോഴിക്കോട്, നിലമ്പൂർ മേഖലകളിൽ നടന്ന കൺവെൻഷനിൽ അതാത് മേഖലയിൽപ്പെട്ട സിസ്റ്റേഴ്സ് സംബന്ധിച്ചു. നോമ്പിന് ഒരുക്കമായി നടത്തിയ ഈ ധ്യാനങ്ങൾ വളരെ അനുഗ്രഹപ്രദമായിരുന്നു.

## മോട്ടിവേഷൻ ക്യാമ്പ്

നമ്മുടെ ജൂണിയർ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ തമിഴ്നാട്ടിലുള്ള അയ്യംകൊല്ലി സെന്റ് തോമസ് സ്കൂളിലെ എൽ.പി കുട്ടികൾക്കായി ഡ്രീം 2020 എന്ന പേരിൽ മോട്ടിവേഷൻ ക്യാമ്പ് നടത്തപെട്ടു.

## പേരെന്റ്സ് മീറ്റിംഗ്

07.02.2020-ൽ പുളിക്കലോടി ബഥാനിയ സ്പെഷ്യൽ സ്കൂളിലെ പേരെന്റ്സ് മീറ്റിംഗ് പുളിക്കലോടിയിൽ വെച്ച് നടത്തപ്പെട്ടു. പേരെന്റ്സ് എല്ലാവരും സന്നിഹിതരായിരുന്നു. മദർ പരിമളയും കൗൺസിലേഴ്സും ഈ മീറ്റിംഗിൽ പങ്കെടുത്തു. ഇങ്ങനെയുള്ള കുട്ടികളെ വളരെ സ്നേഹത്തോടെയും, കരുതലോടെയും കാണണമെന്നും, അവരെ നന്നായി നോക്കുന്നത് വഴി കുടുംബത്തിന് ദൈവം അനുഗ്രഹം നല്കുമെന്നും ബോധ്യപ്പെടുത്തി.

## കാനോനിക്കൽ വിസിറ്റ്

10.02.2020 ന് മദർ പരിമളയും സിസ്റ്റർ തേജസും ചേർന്ന് നമ്മുടെ എത്യോപ്യ മിഷനിലുള്ള സിസ്റ്റേഴ്സിനെ സന്ദർശിക്കാൻ എത്യോപ്യക്ക് പോയി 23.02.2020 ന് തിരിച്ചെത്തി. എത്യോപ്യയിൽ Zisencho, Gimbi എന്നീ രണ്ട് സ്ഥലങ്ങളിൽ ബത്തേരി പ്രോവിൻസിലെ 5 സിസ്റ്റേഴ്സ് ശുശ്രൂഷ ചെയ്യുന്നു. രണ്ട് ക്ലിനിക്കുകൾ ആണ് ഇവിടെ ഉള്ളത്. ജനസംഖ്യ കൂടുതൽ ഉള്ള പ്രദേശങ്ങൾ ആയതിനാൽ ദിവസവും 200-ൽ പരം രോഗികൾ ഇവിടെ വന്ന് പോകുന്നു. ആവശ്യമുള്ളവരെ admit ചെയ്ത് ശുശ്രൂഷിക്കുന്നു. സിസ്റ്റഴ്സിന്റെ ശുശ്രൂഷ വളരെയേറെ ആവശ്യമുള്ള ഒരു ദേശമാണ് എത്യോപ്യ. ക്ലിനിക്കുകളിൽ സിസ്റ്റേഴ്സ് സേവനം ചെയ്യുന്നതോടൊപ്പം ഹോം



കെയർ നടത്തുകയും, സാന്മാർഗികമൂല്യങ്ങൾ, ആരോഗ്യം (Personal hygiene) പരിസര ശുചീകരണം, Mother and Child Care എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്യുന്നു. സിസ്റ്റേഴ്സ് ചെയ്യുന്ന ശുശ്രൂഷകളെക്കുറിച്ച് വളരെ മതിപ്പോടെ മദർ സംസാരിച്ചു.

## ഓർമ്മ ആചരണം

ജനുവരി 27 -ാം തിയതി സിസ്റ്റർ ദയയുടെ 3-ാം ചരമ വാർഷികം പ്രാർത്ഥനാപൂർവ്വം ആചരിച്ചു.

## നിത്യതയിലേക്ക്

എല്ലാവരേയും സ്നേഹിച്ച് സന്തോഷിപ്പിച്ച് ഉത്സാഹത്തോടെ ഓടി നടന്ന പ്രിയപ്പെട്ട സിസ്റ്റർ അനർഘ (39) ഈ ലോകത്തിലെ സഹനങ്ങളോട് വിടപറഞ്ഞ് 12.04.2020-ൽ തന്റെ നാഥന്റെ പക്കലേക്ക് പറന്നുയർന്നു.

# പത്തനംതിട്ട പ്രോവിൻസ്

## വാർഷിക ധ്യാനം

ഡിസംബർ 21 -31 വരെ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സിസ്റ്റേഴ്സിന്റെ വാർഷിക ധ്യാനം നടന്നു. ബഹു. സൈമൺ ഇലവുത്തിങ്കൽ അച്ചൻ (ഒറിസ) ധ്യാനം നയിച്ചു.

## ആഘോഷങ്ങൾ

മാവേലിക്കരയിലും പത്തനംതിട്ടയിലും വച്ചുനടന്ന രൂപതാ, ബഥനി വൈദികരുടെ പരോഹിത്യ സ്വീകരണത്തിലു പുത്തൻ കുർബാനയിലും മദറും സിസ്റ്റേഴ്സും സംബന്ധിക്കുകയും വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുകയും പ്രൊവിൻഷ്യൽ ഹൗസിൽ അവരെ സ്വീകരിച്ച് ആദരിക്കുകയും ചെയ്തു. കൂടാതെ, സുവർണ്ണ, രജത ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികർ പ്രൊവിൻഷ്യൽഹൗസിൽ വി. കുർബാന അർപ്പിക്കുകയും അവർക്ക് അനുമോദനം നേരുകയും ചെയ്തു. ഫെബ്രുവരി 23-ാം തിയതി അഭിവന്ദ്യ ജോഷാ മാർ

ഇഗ്നാത്തിയോസ് പിതാവിന്റെ സപ്തതി പ്രമാണിച്ച് പ്രൊവിൻഷ്യൽ ഹൗസിൽ പിതാവ് വി.കുർബാന അർപ്പിച്ചു. പിതാവിന് ആശംസകളും പ്രാർഥനയും അർപ്പിച്ചു.

### കൂദാശ

നങ്ങ്യാർകുളങ്ങര ബഥനി സെൻട്രൽ സ്കൂളിന്റെ +2 wing- ന്റെ കൂദാശ 2020 ജനുവരി 10-ാം തീയതി നടത്തപ്പെട്ടു.

### ബാച്ച് ഗാതറിംഗ്

സന്ന്യാസ ജീവിതത്തിൽ 25 വർഷം പിന്നിട്ടവരുടെ ഗാതറിംഗ് നവംബർ 11-ാം തീയതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.

### ഹോം മിഷൻ

പൊന്നമ്പ്, ചീക്കനാൽ ഇടവകകളിൽ സിസ്റ്റർ തമീമിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഭവനങ്ങൾ സന്ദർശിക്കുകയും ആരാധന, കൗൺസിലിംഗ് എന്നിവയിലൂടെ ജനത്തെ ആത്മീയമായി ഒരുക്കുകയും ചെയ്തു.

### വിദേശം

ജനുവരി 15-ാം തീയതി ജർമ്മനിയിൽ നിന്നും നാട്ടിൽ എത്തിയ സിസ്റ്റർ പുഷ്പം ഫെബ്രുവരി 24-ന് തിരികെ പോയി. സിസ്റ്റർ സ്നേഹ 16 വർഷത്തെ സ്തുത്യർഹമായ സേവനത്തിനും പഠനത്തിനും ശേഷം നാട്ടിൽ തിരികെ എത്തി.

### തറക്കല്ലിട്ടു

കഴിഞ്ഞ 5 വർഷമായി ഒറീസായിൽ നമ്മുടെ സിസ്റ്റേഴ്സ് വാടക വീട്ടിലാണ് താമസിക്കുന്നത്. ഡിസംബറിൽ ഗാവിൽ 68 സെന്റ് സ്ഥലം വാങ്ങി. 2020 ജനുവരി 30-ാം തീയതി അഭിവന്ദ്യ ബർണബാസ് പിതാവ്, ഒരു മഠവും ഡിസ്പെൻസറിയും പണിയുന്നതിനുള്ള കല്ലിടീൽ കർമ്മം നടത്തി.

### അഭിനന്ദനങ്ങൾ

മലങ്കരസഭയ്ക്കും ബഥനി സന്ന്യാസിനി സഭയ്ക്കും അഭിമാനമായി സിസ്റ്റർ ആൻ 2019 ഡിസംബർ 15-ാം തായതി എറണാകുളം



ഹൈക്കോടതിയിൽ അഡ്വക്കേറ്റായി Enroll ചെയ്തു. Enrollment Ceremony- ൽ മദറും സിസ്റ്റേഴ്സും സിസ്റ്ററിന്റെ അമ്മയും സംബന്ധിച്ചു.

കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയം ആമോസ് സെന്ററിൽ സംഘടിപ്പിച്ച മീറ്റിംഗിൽ നാട്ടുചികിത്സ, ഒറ്റമൂലി ചികിത്സ ഇവ നടത്തുന്നവരെ അനുമോദിച്ച കൂട്ടത്തിൽ സിസ്റ്റർ ബനീറ്റായ്ക്ക് കാഷ് അവാർഡ് നൽകുകയും ഹാരം അണിയിച്ച് ആദരിക്കുകയും ചെയ്തു. സിസ്റ്റർ ബനീറ്റ ഇതിനോടകം 83 കിണറുകൾക്ക് സ്ഥാനം കാണുകയും അവയിലെല്ലാം വെള്ളം ലഭിക്കുകയും ചെയ്തു . സിസ്റ്റേഴ്സ് രണ്ടു പേർക്കും പ്രത്യേക അഭിനന്ദനങ്ങൾ!

സുവിശേഷസംഘത്തിലേക്ക് പുതുതായി ചേർന്ന സിസ്റ്റർ ജ്യോതി, സിസ്റ്റർ അനുഗ്രഹ എന്നിവർക്ക് പ്രാർത്ഥനാശംസകൾ!

### സെമിനാറുകൾ

രൂപതാദിനത്തോടനുബന്ധിച്ച് വകയാർ സെന്റ് മേരീസ് ദേവാലയത്തിൽ വൈദികർ, സിസ്റ്റേഴ്സ്, അത്മായർ, സംഘടനാഭാരവാഹികൾ എന്നിവർക്കുവേണ്ടി രൂപതാതലത്തിൽ നടന്ന സെമിനാരിൽ മദറും സിസ്റ്റേഴ്സും പങ്കെടുത്തു. ഡിസംബർ 14-ാം തീയതി പുനലൂർ CRI മീറ്റിംഗിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

### പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ

ഡിസംബർ 18-ാം തീയതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ നടന്നു. ബഹു. ഏബ്രഹാം മണ്ണിൽ അച്ചൻ ക്ലാസ്സ് എടുക്കുകയും ഉച്ച കഴിഞ്ഞ് ചർച്ചകൾ നടത്തുകയും ചെയ്തു.

### എഡ്യുക്കേഷൻ

41 വർഷമായി അംഗീകാരത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്ന ഇലന്തൂർ സ്കൂളിന് എൻ. ഒ. സി ലഭിച്ചു.

### വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റ്

2019 ഡിസംബർ 21-ാംതീയതി കുമ്പഴയിൽവച്ചും 2020 ജനുവരി 29-ാം തീയതി *ഇഗ്നൈറ്റ്* എന്ന പേരിൽ ബഥനി അച്ചന്മാരോട് ചേർന്ന്

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയും ക്യാമ്പ് നടത്തി. *പ്രയാണം* എന്ന പേരിൽ പെൺകുട്ടികൾക്കായി പെരുനാട്, ഇലന്തൂർ, സീതത്തോട് എന്നിവിടങ്ങളിലും ക്യാമ്പ് നടത്തി.

## സോഷ്യൽവർക്ക് ബോർഡ് മീറ്റിംഗ്

2020 മാർച്ച് 1-ാം തീയതി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സോഷ്യൽവർക്ക് ബോർഡ് മീറ്റിംഗ് നടന്നു. പ്രോവിൻസിന്റെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽനിന്നും ഉള്ള സിസ്റ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ആലോചിച്ചു.

## ചരമവാർഷികം

2020 ഫെബ്രുവരി 21-ാം തീയതി സിസ്റ്റർ ലുറാനായുടെയും 27 -ന് സിസ്റ്റർ സിസിലിയായുടെയും ഒന്നാം ചരമവാർഷികദിനത്തിൽ നടത്തിയ വിശുദ്ധ കുർബാനയിലും ധൂപപ്രാർത്ഥനയിലും സിസ്റ്റേഴ്സും വീട്ടുകാരും സംബന്ധിച്ചു.

## ആഘോഷങ്ങൾ

ചെങ്ങന്നൂർ സെന്റ് ആൻസ് സ്ക്കൂളിന്റെ പ്ലാറ്റിനം ജൂബിലിയും നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം സ്ക്കൂളിന്റെ നവതി ഉത്ഘാടനവും അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും മദർ ജനറൽ മദർ ലിറ്റിൽ ഫ്ളവർ, മദർ ഹൃദ്യ എന്നിവരുടെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

## മിഷൻ ബോർഡ് മീറ്റിംഗ്

അരമനയിൽ വച്ചു നടന്ന മിഷൻ ബോർഡ് മീറ്റിംഗിൽ സിസ്റ്റർ പവിത്ര സംബന്ധിച്ചു. രൂപതയുടെ മിഷൻ ബോർഡ് മീറ്റിംഗ് സിസ്റ്റർ തമീമിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്നു.

## സന്ദർശനം

അഭിവന്ദ്യ കൂറിലോസ് പിതാവ്, അഭിവന്ദ്യ സ്തേഫാനോസ് പിതാവ്, അഭിവന്ദ്യ വിൻസെന്റ് പിതാവ് എന്നിവർ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.



# മൂവാറ്റുപുഴ പ്രോവിൻസ്

## Parents' Day

നാലാഞ്ചിറയിൽ വച്ചു നടത്തിയ നോവിസ്സസിന്റെ പേരന്റ്സ് ഡേയിൽ മദർ ഗ്ലാഡിസ് സംബന്ധിച്ചു.

## സിനഡ് മീറ്റിംഗ്

കാതോലിക്കേറ്റിൽ വച്ച് നടത്തിയ സിനഡിൽ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ മദർ ഗ്ലാഡിസ് പങ്കെടുത്തു.

## ജൂബിലി ആഘോഷം

ബഹു. വിത്സൻ വേലിക്കകത്ത്, ബഹു. തോമസ് വെട്ടിക്കാട്ടിൽ എന്നീ വൈദികരുടെ പൗരോഹിത്യ രജത ജൂബിലിയിൽ മദർ ഗ്ലാഡിസും സിസ്റ്റേഴ്സും സംബന്ധിക്കുകയും മദർ ബഹു. വൈദികർക്ക് ആശംസകൾ നേർന്നു സംസാരിക്കുകയും ചെയ്തു.

## ബൈബിൾ കൺവെൻഷൻ

മൂവാറ്റുപുഴ രൂപതയുടെ ആഭിമുഖ്യത്തിൽ ബഹുമാനപ്പെട്ട ദാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിച്ച ബൈബിൾ കൺവെൻഷനിൽ പ്രോവിൻസിലെ ഭൂരിപക്ഷം സിസ്റ്റേഴ്സും സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

### സ്കൂൾ

എസ്.എസ്. എൽ. സി., +2 പരീക്ഷ എഴുതുന്ന പ്രോവിൻസിന്റെ എല്ലാ സ്കൂളുകളിലും പരീക്ഷ ഒരുക്ക ധ്യാനവും കൗൺസിലിംഗും നടത്തി.

കോലഞ്ചേരി സെന്റ് പോൾസ് ബഥനി സ്കൂളിലെ 10-ാം

ക്ലാസ്സിലെ കുട്ടികളും അദ്ധ്യാപകരും തീർത്ഥാടനകേന്ദ്രമായ കൂത്താട്ടുകുളം യൂദാശ്ലീഹായുടെ നാമത്തിലുള്ള പള്ളിയിലേയ്ക്കും സെന്റ് മേരീസ് പള്ളിയിലേക്കും (കുരുക്കഴിക്കുന്ന മാതാവിന്റെ പള്ളി) തീർത്ഥാടനം നടത്തി അനുഗ്രഹം പ്രാപിച്ചു.

കരിമ്പ ബഥനി സ്കൂൾ വാഷികം വിവിധ പരിപാടികളോടെ അഭിവന്ദ്യ യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവിന്റെയും മദർ ഗ്ലാഡീസിന്റെയും മഹനീയ സാന്നിദ്ധ്യത്തിൽ സമുചിതമായി ആഘോഷിച്ചു. കൂടാതെ, *കിഡ്സ് ഡേ, ക്ലബ് ഫിയസ്റ്റാ* എന്നീപേരുകളിൽ സംഗമങ്ങൾ നടന്നു. അസിസ്റ്റന്റ് മദർ ജനറൽ, സിസ്റ്റർ ആർദ്ര വിശിഷ്ട അതിഥി ആയിരുന്നു. അന്നു ലഭിച്ച വരുമാനം സാധുജന സേവനത്തിനായി വിനയോഗിച്ചു.

അഞ്ചൽപ്പെട്ടി സെന്റ് മേരീസ് സ്കൂളിൽ നിന്നും വിരമിക്കുന്ന സിസ്റ്റർ ജോസ്‌ലിൻ, സിസ്റ്റർ വിമൽ ജോസ് എന്നിവരുടെ യാത്ര അയപ്പു സമ്മേളനത്തിൽ മദർ ജനറൽ, മദർ പ്രൊവിൻഷ്യൽ എന്നിവർ സംബന്ധിച്ചു.

## നൊസ്താൾജിയ നൈറ്റ് 2020

പൂനാ സെന്റ് ജോസഫ് സ്കൂളിലെ ആദ്യത്തെ 5 ബാച്ചുകാരുടെ സംഗമം *നൊസ്താൾജിയ നൈറ്റ് 2020* നടത്തി. മദർ ഗ്ലാഡീസ്, സിസ്റ്റർ രമ്യ, പൂനായിലുള്ള സിസ്റ്റേഴ്സ്, അദ്ധ്യാപകർ എന്നിവർ ഇതിൽ പങ്കെടുത്തു.

എം സി. വൈ. എം രൂപത, മേഖല സംഗമത്തിൽ സിസ്റ്റർ ഷേബ സംബന്ധിച്ചു.

### ജയിൽ മിനിസ്ട്രി

ജയിൽ മിനിസ്ട്രിയുടെ ഭാഗമായി സിസ്റ്റർ വന്ദന, സിസ്റ്റർ മാഗി, സിസ്റ്റർ മരിയറാണി എന്നിവർ കെ.സി. ബി. സി യുടെ കീഴിൽ വെട്ടുകാട് തടവറ വിമുക്ത സഹോദരങ്ങളുടെ നവീകരണകേന്ദ്രമായ *സ്നേഹാശ്രമം* സന്ദർശിച്ചു.



# അമ്മ നീയാണു പശ്ചാത്തലം

(വൃത്തം കേക)

**സിസ്റ്റർ മേരി പോൾ (മൂവാറ്റുപുഴ)**

ഉണ്ണിയെ ഇടം കയ്യാൽ
താങ്ങിയും വലം കയ്യാൽ
ഉണ്ണിക്കൈത്തലങ്ങളെ
തഴുകിത്തലേടിയും

ഉണ്മ മുറ്റി നിൽക്കുന്നെൻ
അമ്മതൻ ചിത്രം കാൺകെ
ഉള്ളത്തിൽ തിരതല്ലി
ചിന്ത തൻ തരംഗിണി

ആരോടു സാദൃശ്യം നിൻ
ഉൾപ്പൊരുൾ തിരയുമ്പോൾ
നീരോടും കുളിർ കാറ്റിൻ
ചിറകിൽ പറക്കയായ്

കന്യക മാതാവേ നിൻ
സാദൃശ്യം തേടിത്തേടി
മന്നിതിൻ സീമവിട്ടു
വിണ്ണോളമുയർന്നു ഞാൻ

ആരു നീ ആരാരെന്നു
പേരു ചൊല്ലാതെ പണ്ടേ
ഓരുവാൻ തുനിഞ്ഞവർ
ദീർഘദർശികൾ ധന്യർ

പഴയനിയമത്തിൻ
താളുകൾ മറിക്കുമ്പോൾ
പലരൂപത്തിൽ കാണാം
നീയാകും പശ്ചാത്തലം

നീയാണു പശ്ചാത്തലം ;
ഇസ്രായേൽ ജനതയ്ക്കു
നിത്യമാം പ്രകാശത്തിൻ
സൂര്യനെ വഹിച്ചവൾ..!!

അഗ്നി വന്നെരിഞ്ഞിട്ടും
എരിയാതങ്ങുനിന്നൊ-
രത്ഭുത മുൾപ്പടർപ്പും
നീ തന്നെ സത്യം തായേ..!!

അഹറോൻ നാമം പേറും
തളിർത്ത വടിയും നീ,
ഗിദയോൻ ദർശിച്ചൊരാ -
കമ്പിളി മഞ്ഞും നീ താൻ..!!

കേവലം മനുഷ്യന്നു
ബുദ്ധിയിലൊതുക്കുവാ-
നാവതോ നിൻ രൂപണ
ചരിത്രം മഹാത്മികേ..!!

അമലോത്ഭവയാം നീ
ആദാമിൻ മക്കൾക്കാകെ
അമൃതം ചൊരിയുവാൻ
അമ്മയായ്ത്തീർന്നു സത്യം ..!!

സൃഷ്ട പ്രപഞ്ചമൊക്കെ
കൈപ്പിടിക്കുള്ളിലാക്കും
സ്രഷ്ടാവിന്നമ്മയായോൾ
നീ യേതു പ്രതിഭാസം ...?

സ്വർഗ്ഗവും ഭൂവും തമ്മിൽ
ഇണങ്ങിക്കഴിയുവാൻ
സ്വർഗ്ഗസ്ഥ പിതാവിനാൽ
ആദിയിൽ ചെയ്ത സഖ്യം



ഇതാ ഞാൻ കർത്താവിന്നു
ദാസിയെന്നുള്ള മൊഴി-
യതിനാലുറപ്പിച്ചു
ഭദ്രമാക്കി നീ ധന്യേ...!!

സ്വർഗ്ഗീയർക്കിറങ്ങുവാൻ,
ഭൗമികർക്കുയരുവാൻ
സ്വർഗ്ഗീയ താതൻ തീർത്ത
ദിവ്യമാം ഗോവേണി നീ...!!

സ്വർഗ്ഗീയ യാത്രക്കാർക്കു
പൈദാഹം ശമിപ്പിക്കും
സ്വർഗ്ഗീയ മന്നായേകാൻ
കാഞ്ചനച്ചെപ്പാണു നീ ...

ഇല്ല തീരില്ല നിന്റെ
അപദാനങ്ങൾ പാടാൻ
ഇല്ലെനിക്കവികല
പാടവം ഞാനെന്തുള്ളൂ ...!!

എങ്കിലും ജീവൻ തുടി -
പ്പുള്ളിൽ നില്ക്കുവോളവും
എന്നുമെൻ വിപഞ്ചിയിൽ
ഉതിരട്ടെ നിന്റെ ഗീതം.....!!

# കൃപനിറയുന്ന കുടുംബം

അന്നൊരു വെള്ളിയാഴ്ച ദിവസമായിരുന്നു. എന്റെ ജീവിതത്തിൽ ഞാനേറ്റവും വേദനയോടെ കരഞ്ഞ ദിവസം. അതേക്കുറിച്ചോർക്കുമ്പോളൊക്കെയും എന്റെ മനസും ഹൃദയവും നീറിപ്പുകയുകയും ശരീരം തളർന്ന് ഇല്ലാതാവുകയും ചെയ്യും. അതുകൊണ്ടുതന്നെ ആ ദിവസത്തെ ഞാൻ ഒരിക്കലും ഓർക്കരുതെയെന്ന് ആഗ്രഹിക്കും. എന്നാൽ ആ ദിവസത്തെ അന്നു മുതൽ ഇന്നു വരെ ഒരിക്കലും മറക്കാതിരിക്കുകയും ചെയ്യുന്നു. നാലു വർഷമായി തളർന്നു കിടപ്പിലായ എന്റെ ഭാര്യ റാഹേലിനു മരുന്നു വാങ്ങുന്നതിനായി രാവിലെ കാപ്പിക്കു ശേഷം ഞാൻ ജറുശലേം നഗരത്തിലേക്കു പോയതാണ്. സുഹൃത്തുക്കൾ പലരേയും വഴിയ്ക്കു വെച്ചു കണ്ടെങ്കിലും അവരോടൊന്നും സൗഹൃദം പുതുക്കാതെ ഭാര്യയ്ക്കുള്ള മരുന്നും വാങ്ങി ധൃതിയിൽ വീട്ടിലേക്കു വരികയായിരുന്നു ഞാൻ. ജറുശലേം പട്ടണത്തിനടുത്തെത്തിയപ്പോൾ ബഹളംവെച്ച് ആർത്തട്ടഹസിക്കുന്ന ഒരു ജനക്കൂട്ടം. അവനെ കൊല്ലുക..., അവനെ ക്രൂശിക്കുക.., അവൻ ദൈവപുത്രനാണു പോലും .... എന്നാർത്തട്ടഹസിക്കുന്നു ഒരു കൂട്ടർ. കുറച്ചു സ്ത്രീകൾ അവനെ കൊല്ലരുതെ, അവനെ ശിക്ഷിക്കരുതെ എന്നു വിലപിച്ചുകൊണ്ട് പിന്നാലെ പോകുന്നു. എന്താണു സംഭവം എന്നു കാണാൻ ഞാൻ ജനക്കൂട്ടത്തിനിടയിലൂടെ വേഗം നടന്നു. ഹോ ! ഞാനൊന്നേ നോക്കിയുള്ളു. ശരീരമാസകലം ഒരൊറ്റ വ്രണമായതുപോലെ ചാട്ടവാറടികളാൽ തിണിർത്ത ദേഹം. ചോരയും വിയർപ്പും മണ്ണും മൂലം കട്ടപിടിച്ച് വികൃതമായി കിടക്കുന്ന തലമുടി. രക്തവും പൊടിമണ്ണും നിറഞ്ഞ് അടികൊണ്ട് ചീർത്തിരിക്കുന്ന മുഖം. കുഴിഞ്ഞു കലങ്ങിയ കണ്ണുകൾ. വലിയൊരു മരക്കുരിശ് ചുമലിൽ വെച്ചിരിക്കുന്നു. വിറയ്ക്കുന്ന പാദങ്ങളോടുകൂടെ ഇടറി വീഴാൻ തുടങ്ങുന്ന ഒരാൾ. ഹോ! എന്തൊരു ദൈന്യത! എന്തൊരു ക്രൂരത!

അവിടെയുള്ള അടക്കിപ്പിടിച്ച വർത്തമാനങ്ങളും പിറുപിറുപ്പുകളും കേട്ടപ്പോൾ എനിക്കു മനസിലായി അനേകർക്കു നന്മ ചയ്യുന്ന, അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന നസ്രത്തുകാരൻ യേശുവാണതെന്ന്. ഇതിനുമുമ്പ് പല പ്രാവശ്യം ഞാനയാളെ കണ്ടിട്ടുണ്ട്. അയാളുടെ പല അത്ഭുത പ്രവർത്തികൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള



യാളുമാണു ഞാൻ. ഞാനാ മനുഷ്യനെ ഒന്നുകൂടെ നോക്കി. ആരും ഒന്നുകൂടെ നോക്കിപ്പോകുന്ന മുഖകാന്തിയും തേജോരൂപവും ഉണ്ടായിരുന്ന യേശു തന്നെയാണോ ഇത് ? എനിക്ക് എന്നെത്തന്നെയും എന്റെ കണ്ണുകളെയും വിശ്വസിക്കാനായില്ല. ഇക്കഴിഞ്ഞ ദിവസവും റാഹേൽ എന്നോടു പറഞ്ഞതാണ് ; വീട്ടിലേക്ക് യേശുവിനെ ഒന്നു ക്ഷണിക്കണമെന്നും അദ്ദേഹത്തിൽ നിന്നും രോഗ സൗഖ്യം ലഭിക്കണമെന്നും മറ്റും. ഞാനതിനു സമ്മതിച്ചതുമാണ്. എന്നാൽ മൂത്ത മകൻ അലക്സാണ്ടറിന് അതൊന്നും അത്ര ഇഷ്ടമുള്ള കാര്യവുമല്ല. ഹോ! ഞാനിനി റാഹേലിനോട് എന്തു മറുപടി പറയും, അവളെ എന്തു പറഞ്ഞ് ആശ്വസിപ്പിക്കും ? ഇങ്ങനെ ചിന്തിച്ചുകൊണ്ടു നടക്കുമ്പോൾ ഏതാനും യഹൂദപ്രമാണികൾ എന്റെ അടുത്തെത്തി ചെവിയിൽ ഇങ്ങനെ പറഞ്ഞു : കിറേനക്കാരനായ ശിമയോൻ, നീ ഞങ്ങളെ ഒന്നു സഹായിച്ചേ മതിയാവൂ. അല്ലെങ്കിൽ യേശു എന്നു വിളിക്കുന്ന ഈ നീചനെ കാൽവരിയിൽ കൊണ്ടുപോയി കുരിശിൽ തറയ്ക്കാനോ കൊല്ലാനോ പറ്റാതെ വരും. നീ സഹായിച്ചേ തീരൂ. ഞാൻ ചോദിച്ചു, അതിനു ഞാനെന്തു സഹായം ചെയ്യാനാണ്. ഈ നല്ല മനുഷ്യന്റെ അനേകം നന്മകൾ കണ്ട എനിക്ക് അദ്ദേഹത്തെ കുരിശിൽ തറയ്ക്കാൻ പറ്റില്ല ; അതിനു കൂട്ടുനില്ക്കാനുമാവില്ല. അവർ വീണ്ടും നിർബന്ധബുദ്ധിയോടെ പറഞ്ഞു, അങ്ങനെയല്ല , നീ അയാളെ കൊല്ലുകയോ കൂട്ടുനില്ക്കുകയോ വേണ്ട. ഇയാളുടെ കുരിശ് ഗോഗുൽത്താവരെ എടുക്കാൻ സഹായിച്ചാൽ മാത്രം മതി. അതു കേട്ടപ്പോൾ ഞാനോർത്തു, ഒരു പ്രാവശ്യമല്ല ഒൻപതു പ്രാവശ്യം ഈ നല്ല മനുഷ്യന്റെ കുരിശെടുക്കാൻ എനിക്കു സമ്മതമാണ്. എന്റെ മക്കൾ അലക്സാണ്ടറിന്റെയും റൂഫസിന്റെയും ഏതാണ്ടു പ്രായം തന്നെയാണേശുവിനും. റൂഫസാകട്ടെ യേശുവിന്റെ ഉറ്റ മിത്രവും. മാത്രവുമല്ല കഴിഞ്ഞ ദിവസം ഞാൻ റാഹേലിനു വാക്കു കൊടുത്തതുമാണ്, ഒരു മാസത്തിനകം യേശുവിനെ നമ്മുടെ ഭവനത്തിൽ അതിഥിയായി കൊണ്ടുവന്നുകൊള്ളാമെന്നതും.

പാടില്ല– യേശു മരിക്കാൻ പാടില്ല. അവൻ ജീവിക്കുന്നതിന് ഞാനവന്റെ കുരിശെടുക്കും. അവനു പകരം ഞാൻ കാൽവരിയിൽ മരിക്കും. അവൻ ജീവിക്കണം. ഇങ്ങനെ നൂറു നൂറു ചിന്തകളിലൂടെ ജനക്കൂട്ടത്തിനുള്ളിലേക്ക് സാവധാനം ഞാൻ കടന്നുചെന്ന് അവന്റെ ഇടതു തോളിലിരുന്ന കുരിശ് എന്റെ വലതുതോളിലേക്ക് വയ്ക്കുവാൻ

ഞാൻ എന്റെ തോള് ചായിച്ചുകൊടുത്തു. അവിടുന്ന് അപ്പോൾ ഉതിർത്ത ആനന്ദ നിശ്വാസത്തിന്റെ കുളിർമ്മ ഇപ്പോഴും എന്റെ മുഖത്ത് കുളിർ തെന്നലായി അനുഭവപ്പെടുന്നു. പീള കെട്ടി വീർത്ത ആ കണ്ണുകൊണ്ട് എന്നെ നോക്കിയപ്പോൾ കരുണയുടെ ഒരു മഹാസമുദ്രം അതിൽ അല യടിക്കുന്നതായി ഞാൻ കണ്ടു. ഹോ! എന്തോരു ശാന്തത! എന്തോരു വിനീതഭാവം! ആ ഒരു നോട്ടത്തിൽ എന്റെ സകല പാപങ്ങളും അശു ദ്ധിയും അലിഞ്ഞില്ലാതാകുന്നത് എന്റെ മനസും ഹൃദയവും തൊട്ടറി ഞ്ഞു. എന്റെ ശരീര ഭാരം ഇല്ലാതാകുന്നപോലെ. അപ്പോൾ മുതൽ അവിടുന്നെനിക്കു തന്ന കുരിശിനും ഭാരം നഷ്ടപ്പെട്ടതുപോലെ. എന്നാൽ ഒരു കാര്യം എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി. ജറുസലേം കൊട്ടാരത്തിന്റെയും സൈനിക താവളങ്ങളുടെയും പല തരത്തിലുള്ള മരപ്പണികൾ ചെയ്ത ഞാൻ, ഇതിനു മുമ്പും അനേകം കൊലപാത കികൾക്ക് കൊലമരം ഉണ്ടാക്കിയ എന്റെ കരങ്ങൾ തന്നെയാണല്ലോ ഈ കുരിശും ഉണ്ടാക്കിയത്. എന്റെ ഉള്ളു പിടഞ്ഞു- പാടില്ല അവനി തിൽ മരിക്കാൻ. അവനെ ഞാൻ മരണത്തിനു വിട്ടുകൊടുക്കില്ല, ഇങ്ങനെ ഓരോന്നു ചിന്തിച്ചു ചിന്തിച്ച് ഗോഗുൽത്തായുടെ മുകളിലെത്തി.

അവിടെ ആ വലിയ കുരിശുമരം തോളിൽ നിന്നിറക്കി വെച്ച പ്പോൾ, യേശു എന്റെ തൊട്ടരികിൽ വന്ന്, അതിനോടകംതന്നെ എന്റെ വലതു തോളിൽ ഉണ്ടായ വ്രണം തൊട്ടു സുഖപ്പെടുത്തിക്കൊണ്ട് എന്റെ ചെവികളിൽ മന്ത്രിച്ചു, ശിമയോൻ നീ എനിക്കുവേണ്ടി ചെയ്ത പറഞ്ഞറിയിക്കാൻ വയ്യാത്ത ഈ സഹായം കുരിശിന്റെ വഴിയിൽ എന്നും ഓർമിക്കപ്പെടും. അതോടൊപ്പം നിനക്കുള്ള സ്വർഗീയ സമ്മാനം- ഈ നിമിഷം മുതൽ നിന്റെ കുടുംബം സ്വർഗീയ കൃപകൾ കൊണ്ടു നിറയപ്പെടും. നിന്റെ ഈ പ്രവൃത്തി സ്വർഗത്തോളമെത്തുന്ന ക്രിസ്തുവിന്റെ പരിമളമായി ലോകമെമ്പാടും സുഗന്ധം പരത്തും. അവി ടുന്നെന്റെ നെറുകയിൽ ചുംബിച്ചു. അപ്പോഴേയ്ക്കും പടയാളികൾ വന്ന് രക്തം കൊണ്ടു ശരീരത്തോടൊട്ടപ്പെട്ടഅവന്റെ വസ്ത്രം ഉരിഞ്ഞു മാറ്റി. ഞാനവരോട്, ഈ മനുഷ്യനു പകരം എന്റെ ശരീരം കുരിശിൽ തറ യ്ക്കാൻ കേണപേക്ഷിച്ചു. എന്നാലെന്റെ അപേക്ഷ വനരോദനമായി ഗോഗുൽത്തായിൽ പ്രതിധ്വനിച്ചതേയുള്ളു. വിങ്ങിപ്പൊട്ടുന്ന മനസ്സോ ടെയും തകർന്ന ശരീരത്തോടെയും അല്പം അകലേയ്ക്ക് മാറി നിന്ന് യഹൂദരുടെ പകപോക്കലിന്റെ ക്രൂരത ഞാനും കണ്ടു. ആ നിർമല കരങ്ങളിലും കാലുകളിലും ആണിതറച്ചപ്പോൾ പ്രപഞ്ചമാകെ കരയുന്ന പോലെ എനിക്കു തോന്നി.



യേശുവിനെ മദ്ധ്യത്തിലും മറ്റു രണ്ടുപേരെ ഇരുവശങ്ങളിലു മായി ഗോഗുൽത്താ മുകളിൽ കുരിശിൽ നാട്ടി. യേശു, ശാന്തമായി, സൗമ്യമായി തന്റെ പിതാവിനോടു പ്രാർത്ഥിച്ചു : പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല ഇവരോടു ക്ഷമിക്കണമെ. എന്റെ ദൈവമെ എന്റെ ദൈവമെ നീ എന്തുകൊണ്ട് എന്നെ ഉപേക്ഷി ച്ചുവെന്നു നിലവിളിച്ചപ്പോൾ അവിടെങ്ങും ഇടിമുഴക്കവും ഭൂകമ്പവു മുണ്ടായി. പിതാവ് പന്ത്രണ്ടു വ്യൂഹം സൈന്യങ്ങളെ അയച്ച് സാത്താന്റെ നിഗൂഢ സൈന്യത്തെ കൊന്നൊടുക്കിയപ്പോൾ അകലെ ദേവാലയ തിരശീല നടുവെ കീറി. സ്വർഗത്തിന്റെ സൂര്യൻ നഗ്നനായി ഉയർത്തപ്പെട്ടപ്പോൾ, ആറാം മണി മുതൽ ഒൻപതാം മണി വരെ സൂര്യ തേജസായ യേശുവിന്റെ കുരിശുമരണം കാണാനാവാതെ സൂര്യൻ അതിന്റെ രശ്മികളെ തന്നിലേക്കുതന്നെ പിൻവലിച്ചു. ഈ സംഭവ ങ്ങൾക്കെല്ലാം സാക്ഷിയാകുവാൻ പടയാളികളുടെ തലവനായ എന്റെ മകൻ അലക്സാണ്ടറും അവിടെ ഉണ്ടായിരുന്നു. എന്റെ ഹൃദയം അവനെ കണ്ടപ്പോൾ ദുഖത്തോടെ കരഞ്ഞു. അപ്പോഴതാ കുരിശിൽ കിടന്നുകൊണ്ട് യേശു, പിതാവേ! എന്റെ ആത്മാവിനെ അങ്ങേ തൃക്ക രങ്ങളിൽ സമർപ്പിക്കുന്നു എന്ന് ഉദ്ഘോഷിച്ച് മരണം കൈവരിച്ചു. ഇതെല്ലാം കണ്ടുകൊണ്ട് കുരിശിനു മുന്നിൽ നില്ക്കുകയായിരുന്നു അലക്സാണ്ടർ - എന്റെ മകൻ- ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ഇവൻ സത്യമായും ദൈവപുത്രനായിരുന്നു. അതുകേട്ടപ്പോൾ എന്റെ മനസും ആശ്വസത്തിന്റെ നിശ്വാസം ഉതിർത്തു. ദൈവപുത്രൻ തന്റെ മരണനേ രത്ത് മനുഷ്യപുത്രനു നൽകിയ സ്വർഗ്ഗീയ കൃപ ലഭിച്ചത് എന്റെ മകനു തന്നെയാണല്ലൊ.

ഉടനെ തന്നെ നിക്കോദേമുസും അരിമത്തിയായിൽ നിന്നുള്ള ജോസഫും വന്ന് യേശുവിന്റെ ശരീരം യഹൂദാചാരപ്രകാരമുള്ള മൃത സംസ്ക്കാരത്തിനു കൊണ്ടുപോയി. ഞാനപ്പോൾ എന്റെ മനസ്സിന്റെ സമനില വീണ്ടെടുക്കാൻ ശ്രമിച്ചു. രാവിലെ വീട്ടിൽ നിന്നും ഭാര്യയ്ക്ക് മരുന്നിനു പുറപ്പെട്ട എന്റെ കൈയിൽ ഇപ്പോൾ ഒന്നുമില്ല. നേരം സന്ധ്യയാകുന്നു ഇളയ മകൻ റൂഫസ് പട്ടാളക്യാമ്പിൽ ഇതിനകം പോയി ക്കാണും. റാഹേൽ ഒറ്റയ്ക്ക് വീട്ടിൽ വിഷമിച്ചിരിപ്പുണ്ടാകും. എനി ക്കാണെങ്കിൽ ഒരടിപോലും മുന്നോട്ടുവയ്ക്കാനുമാകുന്നില്ല. അടുത്തു നിന്ന ഒരുപട്ടാളക്കാരനെ വിട്ട് ഞാൻ അലക്സാണ്ടറെ വിളിപ്പിച്ചു. അവന്റെ കരബലത്തിൽ സുരക്ഷിതനായി ഞാൻ വീടിനോടടുത്തു. അകലെ നിന്നുതന്നെ എനിക്ക് മനസ്സിലായി വീട്ടിലെന്തോ ഉത്സവപ്ര തീതി. സന്ധ്യമയങ്ങിട്ടും അയൽവാസികളൊക്കെ വീട്ടിൽ. അവരെ

വകഞ്ഞുമാറ്റി ഭ്യര്യ റാഹേൽ ഓടിവന്ന് എന്നെ കെട്ടിപിടിച്ച് കരയുന്നു. റൂഫസും വേഗം മുറ്റത്തേയ്ക്ക് ഇറങ്ങുന്നു. ഞാനും അലക്സാണ്ടറും ഒന്നും മനസ്സിലാക്കാതെ വാക്കുകൾ പുറത്തേയ്ക്കുവരാതെ ഒരുനിമിഷം നിന്നുപോയി. റൂഫസ് പറഞ്ഞു: അപ്പാ, മൂന്നാം മണിക്കൂറിൽ ഞാൻ പട്ടാളക്യാമ്പിലേയ്ക്ക് പോകാനിറങ്ങവേ ഇതാ നമ്മുടെ വീടിന്റെ ഉമ്മറപ്പടിയിയിൽ എന്റെ പ്രിയ സുഹൃത്ത് യേശു, അവൻ എന്നോടൊന്നും പറയാതെ വീടിനുള്ളിൽ കയറിവന്ന് അമ്മയുടെ അടുത്തെത്തി കൈപിടിച്ചെഴുനേല്പിച്ചുകൊണ്ട് പറഞ്ഞു: എനിക്ക് മനസുണ്ട് നിനക്ക് സൗഖ്യമുണ്ടാകട്ടെ. എന്തു മറുപടി പറയണമെന്നോ എന്തു ചെയ്യണമെന്നോ അറിയാതെ ഞാൻ നില്ക്കുമ്പോൾ അമ്മ അവിടുത്തെ പാദത്തിൽ വന്ദിച്ചു നന്ദി പറയാനായി കുനിഞ്ഞു. എന്നാൽ അമ്മയ്ക്കതിനു സാധിച്ചില്ല. അവിടുന്ന് അപ്രത്യക്ഷനായി.

ഒരു നിമിഷം എന്റെ വാക്കുകൾ തൊണ്ടയിൽ കുരുങ്ങി. ധൈര്യം വീണ്ടെടുത്ത് അവിടെ ഉണ്ടായിരുന്നവരോട് രാവിലെ മുതലുണ്ടായ എല്ലാ സംഭവങ്ങളും ഞാൻ വിവരിച്ചു. ഇമവെട്ടാതെ, മറുചോദ്യം ചോദിക്കാതെ എല്ലാവരും അവ മുഴുവനും കേട്ടു. മൂന്നാം മണിക്കൂറിൽ യേശു എന്റെ നെറുകയിൽ ചുംബിച്ചനുഗ്രഹിച്ച സ്വർഗ്ഗീയ കൃപയാണിതെന്നു ഞാനവരോടു പറഞ്ഞു. എല്ലാവരുടെയും ഹൃദയത്തിൽ ജീവജലത്തിന്റെ അരുവികൾ ഉറപോട്ടി. ഓരോരുത്തരുടെയും കണ്ണുകളിൽനിന്നും ആനന്ദാശ്രുക്കൾ സ്നേഹക്കടലായി താഴേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നു.

ഞങ്ങളെല്ലാവരുംകൂടെ ഇന്ന് ഉച്ചയ്ക്ക് ഗോഗുൽത്തായിൽ അസ്തമിച്ച നീതിസൂര്യന്റെ തൂവെള്ളി വെളിച്ചം ഹൃദയത്തിൽ കത്തിച്ചു. റാഹേൽ പ്രാർഥനയ്ക്കായി തിരിയിട്ട വിളക്കിൽ എണ്ണപകർന്ന് തിരി തെളിച്ചു. ഞങ്ങൾ കുടുംബം ഒന്നായി അയൽവാസികളോടൊപ്പം സ്വർഗ്ഗസ്ഥപിതാവിനു നന്ദി അർപ്പിച്ചു. ഞാൻ ഉച്ചത്തൽ പ്രാർഥിച്ചു: ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളെ അനുഗ്രഹിക്കണമെ. അന്നുമുതൽ എല്ലാദിവസവും സന്ധ്യാസമയം ഞങ്ങൾ കുടുംബം ഒന്നിച്ചു പ്രാർഥിച്ചു. യേശുവേ, ദൈവപുത്രാ ദൈവകൃപ ഞങ്ങൾക്കു തരുന്നതിന് ഞങ്ങൾക്കായി കുരിശിൽ മരിച്ചവനെ, സ്വർഗ്ഗിയ കൃപ, എല്ലാ കുടുംബങ്ങൾക്കുവേണ്ടിയും വർഷിക്കണമെ. ഒരിക്കലും വറ്റാത്ത കൃപയുടെ നീർച്ചാൽ അവിടുത്തെ തിരുഹൃദയത്തിൽനിന്നും മക്കളിലേയ്ക്ക് ഒഴുക്കിത്തരണമെ. ആമ്മീൻ



# നിത്യതയിലേക്ക് പ്രാർഥനയിൽ ഓർക്കാം

സി. സാമീപ്യ (തിരുവനന്തപുരം) യുടെ വത്സല പിതാവ് അമ്പലക്കര അനിതാഭവനിൽ എ. തങ്കച്ചൻ (72) 21.12.2019 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

സിസ്റ്റർ ശാലിമ (തിരുവല്ല) യുടെ പ്രിയ പിതാവ് പനക്കാമറ്റത്ത് മണപ്പുറത്ത് എം എം. ഉമ്മൻ (82) 29.12. 2019 -ൽ നിര്യാതനായി.

സി. ലൂസിനയുടെയും, സി. മേഴ്സിയുടെയും വൽസല മാതാവ് മറിയാമ്മ ആന്റണി, മറ്റത്തിൽ ജനുവരി 10 ന് ഭാഗ്യ മരണം പ്രാപിച്ചു.

സി. മംഗള (തിരുവനന്തപുരം) യുടെ വത്സല പിതാവ് ചമ്പക്കുളത്ത് കൂലിപ്പുരയ്ക്കൽ കെ.റ്റി ആന്റണി (97) 03.02.2020 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

**പരേതരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുകയും പ്രിയപ്പെട്ട സിസ്റ്റേഴ്സിന് പ്രാർത്ഥനയും അനുശോചനവും അറിയിക്കുകയും ചെയ്യുന്നു.**

# പ്രാർത്ഥനയിൽ ഓർക്കാം

**APRIL**

01. Sr. Felicia TVM.
03. Sr. Jacintha TLA
03. Sr. Reeha PTA
05. Mother Salga
09. Sr. Pauline TLA
10. Sr. Mary Xavier TLA
11. Sr. Haniya PTA
12. Sr. Stanislaus BTY
12. Sr. Vimala BTY
13. Sr. Bridgit TLA
15. Mother Maxa
15. Sr. Brikas TVM
16. Sr. Regina MPA
20. Sr. Mary Ann MPA
22. Sr. Clara MPA
27. Sr. Damien TVM
29. Sr. James TLA

**MAY**

01. Sr. Sebia TVM
03. Sr. Archana TVM
04. Sr. Martha TLA
05. Sr. Nirmala BTY
09. Sr. Monica TLA
11. Sr. Rita Mary MPA
13. Mother Denaha
18. Sr. Segdas TVM
19. Sr. Smirtha TVM
24. Sr. Bernaditha TLA
27. Sr. Agnes PTA
31. Sr. Beninja TLA

**JUNE**

03.Sr. Philomena TLA
07. Sr. Annunciatta TLA
08. Sr. Ivania PTA
14. Sr. Ann TLA
19. Sr. Thara BTY
22. Sr. Felix TLA
22. Sr. Mary TLA
23. Sr. Anasthasia TVM
25. Sr. Seraphia TLA
25. Sr. Mary Magdaline TLA
25. Sr. Rumsa TLA.
28. Sr. Mettilda TLA
30. Sr. Suseela TLA



## Jubilarians 2020- '21

**(50 Years)**

Sr. Nairmallya Tvm.
Sr. Sujaya
Sr. Renjitha
Sr. Sayujya
Sr. Parimala
Sr. Arpitha
Sr Santhwana

Sr. Elseena Tvla.
Sr. Little Therese
Sr. Alicia

Sr. Margaret Mary Bty.
Sr. Susan
Sr. Tessina

Sr. Sukrutha Pta.

RIP

Sr. Akshaya TVM.
Sr. Sales TVLA.
Sr. Thejus PTA.

**(25 years)**

| | |
|---|---|
| Sr. Johnsy | Tvm. |
| Sr. Keerthana | |
| Sr. Suphala | |
| Sr. Aleena | |
| Sr. Kanchana | |
| Sr. Jerose | Tvla. |
| Sr. Jubeena | |
| Sr. Nirmal | |
| Sr. Jyothis Maria | |
| Sr. Seena | |
| Sr. Judit | |
| Sr. Liza | |
| Sr. Shalom | |
| Sr. Darsana | Bty. |
| Sr. Akhila | |
| Sr. Savitha | |
| Sr. Salini | |
| Sr. Ananda | |
| Sr. Sobhitha | |
| Sr. Rajitha | |
| Sr. Anila | |
| Sr. Lizbeth | Pta. |
| Sr. Elseena | |
| Sr. Ancy | |
| Sr. Akhila | |
| Sr. Sneha | |
| Sr. Anantha | |
| Sr. Pushpam | |
| Sr. Annie Maria | Mpa. |
| Sr. Rani maria | |
| Sr. Starlit | |
| Sr. Josna | |